*12-10-2026*

*Question Hour*

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ചോദ്യം നമ്പർ (*1)

**സപ്ലൈകോയുടെ ഉത്സവകാല വിൽപ്പന**

1 (*1) ശ്രീ. എൻ. ശക്തൻ:
ശ്രീ. സി. വി. ശാന്തകുമാർ:
ശ്രീ. എം. ആർ. ബൈജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ സർക്കാർ ഓണച്ചന്തകളിലും സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും മാവേലിസ്റ്റോറുകളിലും സൂപ്പർമാർക്കറ്റുകളിലും റെക്കോർഡ് വില്പന നടന്നിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പൊതുവിപണിയിലെ ഇടപെടൽ കൂടുതൽ കാര്യക്ഷമമായി നടത്താൻ കഴിഞ്ഞതിനാൽ ഉത്സവകാല വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞിരുന്നോ; വ്യക്തമാക്കാമോ;

(സി) ഉത്സവകാല ആവശ്യം മുൻകൂട്ടി കണ്ട് അവശ്യ സാധനങ്ങളുടെയും സബ്സിഡി സാധനങ്ങളുടെയും പരമാവധി സ്റ്റോക്ക് എത്തിക്കാൻ കഴിഞ്ഞതുമൂലം വില്പന കൂടാൻ ഇടയായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

*12-10-2026*

*Question Hour*

(എ) ഇത്തവണത്തെ സർക്കാർ ഓണച്ചന്തകളിലും സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും റെക്കോർഡ് വില്പന നടന്നിട്ടുണ്ട്.

2026 വർഷത്തെ ഓണത്തോടനുബന്ധിച്ച് ജൂലൈ 22 മുതൽ ഓഗസ്റ്റ് 25 ഉത്രാടദിനം വരെയുള്ള 35 ദിവസത്തിനിടെ സപ്ലൈകോ ഓണച്ചന്തകളിലും സപ്ലൈകോ വില്പനശാലകളിലും 433.81 കോടി രൂപയുടെ റെക്കോർഡ് വില്പന നടത്തപ്പെട്ടു. ഈ വർഷം ഓണം ഫെയറുകളിലും സപ്ലൈകോ വില്പനശാലകളിലും തിരക്ക് വർധിച്ചതോടെ ഏറ്റവും കൂടുതൽ 27.85 കോടി രൂപയുടെ വിറ്റുവരവ് നടന്നത് ഉത്രാട ദിനത്തിലാണ്. ആകെ വിറ്റുവരവിൽ 155.39 കോടി രൂപ സബ്സിഡി ഇനത്തിലും 278.42 കോടി രൂപ സബ്സിഡി ഇതര ഇനത്തിലുമാണ് നടന്നത്. സബ്സിഡി വെളിച്ചെണ്ണ കഴിഞ്ഞ വർഷത്തേക്കാൾ 30 ശതമാനവും തുവരപ്പരിപ്പ് ഉൾപ്പെടെ വിവിധ ഉല്പന്നങ്ങൾക്ക് 37 ശതമാനം വരെയും പൊതുവിപണി നിരക്കിൽനിന്ന് വില കുറച്ചാണ് ഇത്തവണ നൽകിയത്. ഏകദേശം

*12-10-2026*

*Question Hour*

53.86 ലക്ഷത്തോളം പേരാണ് സപ്ലൈകോയിൽനിന്ന് ഈ 35 ദിവസത്തിനിടയിൽ സാധനങ്ങൾ വാങ്ങിയത്.

തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിലെ മെഗാ ട്രേഡ് ഫെയറുകളടക്കം ജില്ലാ ഫെയറുകളിൽ നിന്നുള്ള വിറ്റുവരവ് 5.33 കോടി രൂപയാണ്. തിരുവനന്തപുരം മെഗാ ട്രേഡ് ഫെയറിൽ നിന്നുള്ള വിറ്റുവരവ് 94 ലക്ഷം രൂപയാണ്.

(ബി) സപ്ലൈകോയുടെ പൊതുവിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമായി നടത്താൻ കഴിഞ്ഞതിനാൽ ഓണവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലം ഉൾപ്പെടെ ഉത്സവകാലങ്ങളിൽ കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും അവശ്യസാധനങ്ങളുടെ വിലവർധനവ് തടയുന്നതിനായി സപ്ലൈകോ ആവശ്യമായ നടപടികൾ കൈക്കൊണ്ടിരുന്നു. സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വില്പനശാലകൾവഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണിയേക്കാൾ ശരാശരി

25% മുതൽ 35% വരെ വിലക്കുറവിൽ) ലഭ്യമാക്കിയിട്ടുണ്ട്+.

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉല്പന്നങ്ങൾ 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ വില്പന നടത്തുന്നുണ്ട്. ഇതിനുപുറമേ പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ അവശ്യ സാധനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ഉല്പന്നങ്ങളും 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വില്പന നടത്തിയിരുന്നു.

വിപണി ഇടപെടലിന്റെ ഭാഗമായി ഓണക്കാലത്ത് എല്ലാ വർഷവും സപ്ലൈകോ ഓണം ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷവും ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് 8 മുതൽ 24 വരെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മെഗാ ട്രേഡ് ഫെയറുകളും 14 ജില്ലകളിലും ഓഗസ്റ്റ് 14 മുതൽ 25 വരെ വിപുലമായ രീതിയിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകളും സംഘടിപ്പിക്കുകയുണ്ടായി. പതിമൂന്നിന സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും വെജിറ്റബിൾ കൗണ്ടറുകളും ഹോർട്ടികോർപ്പ് തുടങ്ങിയ പൊതുമേഖല

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു+.

കൂടാതെ സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒരു പ്രധാന സപ്ലൈകോ വില്പനശാലയോട് അനുബന്ധിച്ച് 2026 ഓഗസ്റ്റ് 21 മുതൽ 25 വരെ ഓണം ഫെയറുകൾ നടത്തിയിട്ടുണ്ട്.

സപ്ലൈകോ വില്പനശാലകൾവഴി പ്രമുഖ ബ്രാൻഡുകളുടെ 350 എഫ്.എം.സി.ജി. ഉല്പന്നങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ടുകൾ നൽകിയിരുന്നു. ഇപ്രകാരം ഈ ഓണക്കാലത്ത് കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും അവശ്യസാധനങ്ങളുടെ വിലവർധനവ് തടയുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ ഓണക്കാലത്തെ വിലക്കയറ്റം പിടിച്ചുനിർത്താൻ ഒരുപരിധിവരെ സഹായകരമായിട്ടുണ്ട്.

(സി) വില്പന കൂടിയിട്ടുണ്ട്. ഓണക്കാലത്തെ ആവശ്യം മുൻകൂട്ടികണ്ട് സബ്സിഡി ഉൾപ്പെടെയുള്ള എല്ലാ അവശ്യവസ്തുക്കളുടെയും പ്രത്യേകിച്ച്

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അരി, മുളക്, വെളിച്ചെണ്ണ, തുവര, ഉഴുന്ന്, കടല ഉൾപ്പെടെയുള്ള പയറുവർഗങ്ങളുടെയും ലഭ്യത എല്ലാ ഓണം ഫെയറുകളിലും സപ്ലൈകോ വില്പനശാലകളിലും ഈ ഓണക്കാലത്ത് ഉറപ്പാക്കിയിരുന്നു. കൂടാതെ, ഓണക്കാലത്ത് സബ്സിഡി നിരക്കിൽ വില്പന നടത്തുന്നതിനായി സബ്സിഡി സാധനങ്ങൾ സംഭരിച്ചിരുന്നു+.

പഞ്ചസാര, വെളിച്ചെണ്ണ, തുവരപ്പരിപ്പ്, വൻപയർ, കടല തുടങ്ങി തുണി സഞ്ചിയടക്കം 16 ഇനം അവശ്യവസ്തുക്കൾ അടങ്ങിയ 837.25 രൂപയുടെ കിറ്റാണ് എ.എ.വൈ. കാർഡ് ഉടമകൾക്ക് സൗജന്യമായി ഈ ഓണക്കാലത്ത് നൽകിയിട്ടുള്ളത്. ഏകദേശം ആറുലക്ഷത്തിലധികം എ.എ.വൈ. കിറ്റുകളാണ് ഈ ഓണക്കാലത്ത് സപ്ലൈകോ തയ്യാറാക്കി റേഷൻ കടകളിൽ എത്തിച്ചിട്ടുള്ളത്.

കൂടാതെ, താഴെപ്പറയുംപ്രകാരം ഈ ഓണക്കാലത്ത് പൊതുവിപണി വിലയേക്കാൾ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകൾ വഴി പൊതുജനങ്ങൾക്ക് കിറ്റുകൾ ലഭ്യമാക്കിയിരുന്നു.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

i) അരി, വെളിച്ചെണ്ണ, പഞ്ചസാര, വിവിധ ശബരി മസാലകൾ തുടങ്ങി 21 ഇനങ്ങളടങ്ങിയ പരമാവധി വില്പന വില 1280 രൂപയുള്ള അത്തം ഓണസമ്മാന കിറ്റ് ആയിരം രൂപയ്ക്ക് ലഭ്യമാക്കി.

ii) 25 ഇനങ്ങൾ അടങ്ങിയ ഉത്രാടം കിറ്റ് പരമാവധി വില്പന വിലയിൽ നിന്നും 380 രൂപ കുറച്ച് 1500 രൂപയ്ക്കും 30 ഇനങ്ങളടങ്ങിയ പ്രീമിയം ഓണാഘോഷ കിറ്റായ തിരുവോണം കിറ്റ്, 540 രൂപ വിലക്കുറവിൽ 2000 രൂപയ്ക്കും സപ്ലൈകോ ലഭ്യമാക്കി.

iii) ഇതിനുപുറമേ പുട്ടുപൊടി, സേമിയ, പായസക്കൂട്ട്, മുളകുപൊടി, മഞ്ഞൾപ്പൊടി തുടങ്ങി 9 പ്രീമിയം ശബരി ഉല്പന്നങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ശബരി സിഗ്നേച്ചർ കിറ്റ് 75 രൂപയിലധികം വിലക്കുറവിൽ 299 രൂപയ്ക്ക് സപ്ലൈകോ വില്പനശാലകളിൽനിന്ന് ഉപഭോക്താവിന് ലഭ്യമാക്കി.

കൂടാതെ, സപ്ലൈകോ വില്പനശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ്.എം.സി.ജി. കമ്പനികളുടെ 350 ഉല്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും വിലക്കുറവും നൽകിയിരുന്നു. സപ്ലൈകോയുടെ സ്വന്തം

ബ്രാൻഡായ ശബരി ഉല്പന്നങ്ങൾക്കും പ്രത്യേക കോമ്പോ ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകിയിരുന്നു.

മേൽ വിവരിച്ചതുപ്രകാരം, ഓണക്കാലം മുൻകൂട്ടി കണ്ടുകൊണ്ട് സബ്സിഡി ഉൾപ്പെടെ എല്ലാ അവശ്യ സാധനങ്ങളുടെയും പരമാവധി സ്റ്റോക്ക് എത്തിക്കാൻ കഴിഞ്ഞതുമൂലം സപ്ലൈകോയുടെ ഇക്കൊല്ലത്തെ ഓണക്കാലത്ത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വില്പന വർധിക്കാനും അതുവഴി അവശ്യസാധനങ്ങൾ പൊതുജനങ്ങൾക്ക് ന്യായവിലയിൽ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ഇന്നുമുതൽ ഉപചോദ്യങ്ങൾ ചോദിക്കുന്ന അംഗങ്ങൾ കൈ ഉയർത്തുന്നതിനുപകരം മുന്നിലിരിക്കുന്ന കമ്പ്യൂട്ടറിലെ ടച്ച് സ്ക്രീനിൽ സപ്ലിമെന്ററി ക്വസ്റ്റൻസ് എന്ന ഓപ്ഷൻ ഉപയോഗിച്ച് റിക്വസ്റ്റ് രജിസ്റ്റർ ചെയ്യാവുന്നതാണ്. നിയമസഭാ നടപടികൾ പൂർണ്ണമായി കമ്പ്യൂട്ടറൈസേഷനിലേയ്ക്ക് പോകുന്നതിനാൽ ഡിജിറ്റലാക്കുക എന്ന നിലയിലാണ് ഈ ചെയ്ഞ്ച് വരുത്തിയിരിക്കുന്നത്. അതുകൊണ്ട് ടച്ച് സ്ക്രീനിലെ ഉപചോദ്യമെന്ന ഓപ്ഷൻ അമർത്തിയാൽ മതി.

*12-10-2026*

*Question Hour*

ശ്രീ. എൻ. ശക്തൻ: സർ, പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ ഓണമായിരുന്നു ഈ കഴിഞ്ഞത്. ഈ ഓണക്കാലത്ത് സാധനങ്ങളുടെ വില അല്പംപോലും വർധിക്കാതെ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞു. അതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും ആവശ്യമായ എല്ലാ സഹായങ്ങളും നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുന്നു. എന്റെ ചോദ്യം, ഇത്തരത്തിൽ സബ്സിഡി കൊടുത്ത് സാധനങ്ങൾ എത്തിച്ചപ്പോൾ വിലക്കയറ്റം തടയുന്നതിനും കുറഞ്ഞ വിലയ്ക്ക് ആളുകൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞ സാഹചര്യത്തിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന രീതിയിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ വകുപ്പ് തയ്യാറാകുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, സപ്ലൈകോയുടെ വിപണി ഇടപെടൽ വർഷം മുഴുവനും ഒരേ നിലയിൽ കൊണ്ടുപോവുക എന്നുള്ളതാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. ഉത്സവകാലങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക

എന്നത് എല്ലാ ഗവൺമെന്റുകളുടെ കാലത്തും അവലംബിച്ചുവരുന്ന സമീപനമാണ്. പ്രത്യേകിച്ച് ഓണം, ക്രിസ്തുമസ്, റംസാൻ, വിഷു അടക്കമുള്ള സന്ദർഭങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. എല്ലാ വർഷവും കൂടുതൽ ക്രമീകരണങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സപ്ലൈകോയുടെ പൊതുവായ നിലയിലുള്ള മാർക്കറ്റ് ഇടപെടലിനെ കൂടുതൽ ശാക്തീകരിക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. എൻ. ശക്തൻ</u>: സർ, സപ്ലൈകോ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ 24 മണിക്കൂറും തുറന്നുപ്രവർത്തിക്കുന്ന ഡിപ്പോകൾ ആരംഭിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സമയ ക്ലിപ്തതയുള്ളതനുസരിച്ചാണ് ഇപ്പോൾ സപ്ലൈകോ വില്പനശാലകൾ പ്രവർത്തിക്കുന്നത്. അതിന് ഇളവ് കൊടുക്കുന്നത് ഉത്സവസന്ദർഭങ്ങളിൽ മാത്രമാണ്. 24 മണിക്കൂർ പ്രവർത്തിക്കുന്ന സപ്ലൈകോ വില്പനശാലകൾക്കായി ഗവൺമെന്റ് തലത്തിൽ

ആലോചിച്ച് നിർദേശം നൽകിയിരുന്നു. അതിനായി 'സപ്ലൈകോ ഗോ' കൺവീനിയൻസ് സ്റ്റോർ എന്ന രീതിയിൽ എറണാകുളം വൈറ്റില ഹബ്ബിൽ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ ആരംഭം കുറിച്ചുകഴിഞ്ഞു. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നീ മൂന്ന് പ്രധാന നഗരങ്ങളിലാണ് കൺവീനിയൻസ് സ്റ്റോർ എന്ന ആശയത്തിൽ സപ്ലൈകോ ഗോ എന്ന എക്സ്പ്രസ് മാർട്ടുകളുടെ ആരംഭം കുറിച്ചിരിക്കുന്നത്. അതിന്റെ പ്രവർത്തനസമയം വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഭാവിയിൽ പ്രവർത്തനസമയം 24 മണിക്കൂറായി വർധിപ്പിക്കും.

ശ്രീ. സി. വി. ശാന്തകുമാർ: സർ, 2026-ലെ ഓണം, നബിദിനം തുടങ്ങിയ വിശേഷ ദിനങ്ങളോടനുബന്ധിച്ച് സപ്ലൈകോ മാവേലി സ്റ്റോർ ഓണച്ചന്തകൾ എന്നിവയിലൂടെയും മറ്റുവിപണന സംവിധാനങ്ങളുടെയും ജനങ്ങൾക്ക് ആവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് സത്വരനടപടികൾ ഈ സർക്കാർ സ്വീകരിച്ചത് ഏറെ അഭിനന്ദനാർഹമാണ്. പൊതുവിപണിയിലെ വിലക്കയറ്റത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും സാധാരണക്കാരായ ജനങ്ങൾക്ക് ന്യായവിലയിൽ നിത്യോപയോഗ

സാധനങ്ങൾ ലഭിക്കുന്നതിനും ഇത്തരം വിപണി ഇടപെടലുകൾ ഏറെ സഹായകരമായി. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിതരണത്തിന്റെ കാര്യക്ഷമതയിലും സാധനങ്ങളുടെ ലഭ്യതയിലും വളരെ ചുരുങ്ങിയ കാലം കൊണ്ട് യു.ഡി.എഫ്. സർക്കാർ ഏറെ പുരോഗതി കൈവരിച്ചത് പ്രശംസനീയമാണ്. അതുമാത്രമല്ല ഇത്തവണ ഓണസാധനങ്ങൾ വാങ്ങിയ സഹോദരിമാർ പ്രിയദർശനി ബസ്സിൽ സൗജന്യ യാത്ര ചെയ്തതും ഈ സർക്കാരിന്റെ നേട്ടമായി കാണുന്നു. പൊതുവിപണിയിലെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞതിനാൽ ഉത്സവകാല വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞിരുന്നോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഉത്സവകാലങ്ങളിൽ കൂടുതൽ ഉല്പന്നങ്ങൾ സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾവഴി വിതരണം ചെയ്തതുകാരണം വിലക്കയറ്റം നിയന്ത്രിച്ചുനിർത്താൻ കഴിഞ്ഞിരുന്നു. പൊതുജനങ്ങളെ സംബന്ധിച്ച് ആശ്വാസകരമായ സമീപനം സ്വീകരിക്കാൻ സാധിച്ചിട്ടുണ്ട്.

*12-10-2026*

*Question Hour*

ശ്രീ. എം. ആർ. ബൈജു: സർ, കഴിഞ്ഞ ഓണക്കാലങ്ങളെ അപേക്ഷിച്ച് സപ്ലൈകോ വഴിയുള്ള വിറ്റുവരവ് 433 കോടി രൂപയായി വർധിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ഏകദേശം 50 കോടി രൂപയിൽപ്പരം രൂപയുടെ വർധനവാണ് ഈ മേഖലയിലുണ്ടായത്. സപ്ലൈകോയെ ആശ്രയിച്ച് സാധാരണക്കാരായ ആളുകൾ വരുമ്പോൾ ഒഴിഞ്ഞ റാക്കുകൾ കണ്ടിരുന്ന സ്ഥാനത്ത് സാധനങ്ങൾ കൊണ്ട് നിറഞ്ഞ കടകൾ കണ്ട സംതൃപ്തമായൊരു ഓണക്കാലമാണ് കടന്നുപോയത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച, ഒക്ടോബർ മാസം എട്ടാം തീയതി പുതിയതായി ആരംഭിച്ച സപ്ലൈകോ ഗോ കൺവീനിയൻസ് സ്റ്റോർ കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രധാനപ്പെട്ട ഇടങ്ങളിലും തുടങ്ങാനുള്ള പദ്ധതിയുണ്ടോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. അനൂപ് ജേക്കബ്: സർ, കൺവീനിയൻസ് സ്റ്റോർ മാതൃകയിലാണ് സപ്ലൈകോ ഗോ ആരംഭം കുറിച്ചിരിക്കുന്നത്. റെയിൽവേ സ്റ്റേഷനുകൾ, ബസ് ടെർമിനലുകൾ, എയർപോർട്ട് എന്നിവിടങ്ങളിലാണ് ഇത് കൂടുതലായി ആരംഭിക്കാൻ നിർദേശം നൽകിയിട്ടുള്ളത്. മെട്രോ

നഗരങ്ങളിലാണ് ഇപ്പോൾ പ്രായോഗികമായി സപ്ലൈകോ ഗോ ആരംഭിക്കാനുള്ള സാഹചര്യമുള്ളത്. ഇത് ആദ്യത്തെ സംരംഭമാണ്. മെട്രോ നഗരങ്ങളിൽ വിജയകരമായി മുന്നോട്ടുപോകാൻ കഴിഞ്ഞാൽ മറ്റ് പ്രദേശങ്ങളിലേക്ക് ആരംഭിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, കഴിഞ്ഞ 10 വർഷത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഏറ്റവും അവസാനത്തെ വർഷമാണ് ഓണക്കാലത്തെ റിക്കോർഡ് വിറ്റുവരവ് സപ്ലൈകോയിൽ നടന്നത് എന്നാണ് രേഖകൾ കാണുന്നത്. ഈ വർഷത്തെയും കഴിഞ്ഞ വർഷത്തെയും രേഖകൾ താരതമ്യപ്പെടുത്തിയാൽ അത് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ ഓണക്കാലത്ത് സപ്ലൈകോയുടെ ഓണ സ്കീമിന്റെ ഭാഗമായി പുറത്തിറക്കിയ ഗിഫ്റ്റ് കാർഡുകൾ ദുരുപയോഗം ചെയ്ത് പെരുമ്പാവൂർ ഡിപ്പോയിൽ സബ്സിഡി നിരക്കിൽ ഒരു സ്വകാര്യ കമ്പനിക്ക് വൻതോതിൽ പഞ്ചസാര മറിച്ചുവിറ്റെന്ന് കണ്ടെത്തിയതായി പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തതാണ്. രേഖകളിൽ സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി വിറ്റഴിച്ചതായി കാണിച്ച് ഡിപ്പോയിൽ സൂക്ഷിച്ച പഞ്ചസാരയാണ് സ്വകാര്യ

മില്ലിന് നൽകിയത്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, സപ്ലൈകോയുടെ 2025-2026 വർഷത്തെയും ഇത്തവണത്തെയും വിറ്റുവരവ് പരിശോധിച്ചുനോക്കുമ്പോൾ 13 ശതമാനം വർധനവുണ്ടായിട്ടുണ്ട്. ഈ സമീപകാലത്തായി ഏറ്റവും ഉയർന്ന വില്പനയുണ്ടായത് 2026-ലെ ഓണക്കാലത്താണ്. അതിനുള്ള കൃത്യമായ രേഖകൾ മുമ്പോട്ടുവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സപ്ലൈകോയുടെ വിശ്വാസ്യത തിരിച്ചെടുക്കാൻ കഴിഞ്ഞു എന്നത് വലിയൊരു നേട്ടമായിതന്നെ ഗവൺമെന്റ് കാണുകയാണ്. അതുകൊണ്ടാണ് സബ്സിഡി സാധനങ്ങൾക്കൊപ്പം സബ്സിഡി ഇതര സാധനങ്ങളുടെ വില്പന വർധിപ്പിച്ചെടുക്കാനുള്ള സാഹചര്യം ഇത്തവണത്തെ ഓണക്കാലത്തുണ്ടായത്. ജനങ്ങൾ സപ്ലൈകോ സ്റ്റോറുകളിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ പഞ്ചസാരയുമായി ബന്ധപ്പെട്ട ഇഷ്യൂസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി

സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഏഴിൽപരം ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. വകുപ്പുതല എൻക്വയറി ഇപ്പോൾ നടന്നുവരികയാണ്.

<u>ശ്രീ. സി. കെ. കാസിം</u>: സർ, നാട്ടിലെ ഏറ്റവും സാധാരണക്കാരും നന്നായി ഓണം ആഘോഷിച്ച കാലഘട്ടമായിരുന്നു ഇക്കഴിഞ്ഞ ഓണത്തിന് നാം കണ്ടത്. നിത്യോപയോഗ സാധനങ്ങളുടെ, പ്രത്യേകിച്ച് അനിവാര്യമായ പതിമൂന്നിന സാധനങ്ങളുടെ വില ഗണ്യമായി കുറഞ്ഞതിനാൽ സാധാരണക്കാരായ ആളുകൾക്ക് നല്ല രീതിയിൽ ഓണം ആഘോഷിക്കാൻ സാധിച്ചിട്ടുണ്ട്. സാധാരണക്കാരുടെ ജീവിതച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി പതിമൂന്നിന അനിവാര്യ സാധനങ്ങൾ തുടർന്നും റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, റേഷൻ കടകളിലൂടെ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചില റേഷൻ കടകൾ കെ-സ്റ്റോർ എന്ന നിലയിൽ പരിവർത്തനപ്പെടുത്തി മുന്നോട്ടുപോകുന്നുണ്ട്.

അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സ്റ്റോറുകൾ കുറച്ചുകൂടി വിപുലീകരിക്കേണ്ടതുണ്ട്. റേഷൻകടകളെ കൂടുതൽ ലാഭകരമാക്കുന്നതിനുവേണ്ടിയുള്ള സമീപനത്തിന്റെ ഭാഗമായും ജനങ്ങൾക്ക് കൂടുതൽ ഉല്പന്നങ്ങൾ എത്തിക്കുകയെന്ന നിലയിലുമാണ് ആ പദ്ധതിക്ക് ആരംഭം കുറിച്ചത്. എന്നാൽ ആ പദ്ധതിക്ക് ലക്ഷ്യപ്രാപ്തിയിലേക്ക് എത്താൻ കഴിഞ്ഞിട്ടില്ല. ടി പദ്ധതി റീസ്ട്രക്ച്ചർ ചെയ്യുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ റേഷൻകടകളിലൂടെ പതിമൂന്നിന സബ്സിഡി സാധനങ്ങൾ വില്പന നടത്തുന്ന കാര്യം സർക്കാരിന്റെ ആലോചനയിലില്ല.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, പ്രളയദുരിതം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകളിൽനിന്നും അരി ലഭ്യമാകാത്തത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തിരിച്ചടിയായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാവേലി സ്റ്റോറുകളിൽനിന്നും അരി ലഭ്യമാകാത്തത് കാരണം സന്നദ്ധ സംഘടനകളും വ്യക്തികളും അരിയും മറ്റവശ്യ സാധനങ്ങളും ദുരിതാശ്വാസ ക്യാമ്പുകളിലേക്കെത്തിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്

ആവർത്തിക്കാതിരിക്കാനുള്ള മുന്നൊരുക്കങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങനെയൊരു കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേകിച്ച് പ്രളയം പോലുള്ള അടിയന്തര സന്ദർഭങ്ങളിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ബന്ധപ്പെട്ട കളക്ടർ മുഖാന്തരം സ്റ്റോറുകളിൽനിന്ന് വിതരണം ചെയ്തുവരികയാണ്. അത്തരത്തിൽ ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിക്കും.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാനത്തെ അതിദരിദ്രമുക്തമായി പ്രഖ്യാപിച്ചപ്പോൾ അതിദരിദ്ര വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് ലഭ്യമായിരുന്ന ഭക്ഷ്യധാന്യ കിറ്റുകൾ ഉൾപ്പെടെ ലഭിക്കാതിരിക്കുന്ന സാഹചര്യം കേരളത്തിലുണ്ട്. അതിദരിദ്രം എന്നുപറയുന്നത് ഒരു അവസ്ഥയാണ്. അത് തിരിച്ചറിയുന്നതിനുവേണ്ടി മൈക്രോലെവൽ പ്ലാനിങും അതിന്റെ സൂക്ഷ്മദർശനവുമെല്ലാം ആവശ്യമാണ്. ഭക്ഷ്യധാന്യ കിറ്റുകൾ ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ പല വിഭാഗം ആളുകളും വലിയ ദുരിതം അനുഭവിക്കുന്നുണ്ട്. സംസ്ഥാനത്തെ ഇത്തരം വിഭാഗക്കാർക്ക്

നൽകിയിരുന്ന ആനുകൂല്യം പുന:സ്ഥാപിക്കാനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, അതിദരിദ്ര വിഭാഗങ്ങൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ കിറ്റ് മുഖാന്തരമോ മറ്റേതെങ്കിലും രീതിയിലോ നൽകാൻ കഴിയുമോ എന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുകയും അതനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇക്കഴിഞ്ഞ ഓണക്കാലത്ത് എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് ഗവൺമെന്റ് സൗജന്യ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, മുൻകാലങ്ങളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന നെല്ല് സംഭരണം വലിയ രീതിയിൽ പാളിപ്പോകുന്ന അനുഭവമുണ്ടായിട്ടുണ്ട്. ഇത്തവണയെങ്കിലും അക്കാര്യത്തിലൊരു ക്ലാരിറ്റി വരുത്തുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നതെന്ന് വിശദീകരിക്കാമോ; കഴിഞ്ഞ വർഷം നെല്ല് സംഭരണത്തിന് തുക നൽകുന്നതിനായി നാഷണലൈസ്ഡ് ബാങ്കുകളെ നിശ്ചയിക്കുകയും പിന്നീട് പാലക്കാട് ജില്ലയ്ക്ക്

മാത്രമായി സഹകരണ ബാങ്കുകളെ ചുമതലപ്പെടുത്തുകയും പിന്നീട് സഹകരണ ബാങ്കുകളിൽനിന്നും വീണ്ടും തിരിച്ചെടുത്ത് നാഷണലൈസ്ഡ് ബാങ്കുകളെ ചുമതലപ്പെടുത്തുകയും ചെയ്തു. ആ നിലയിൽ വലിയ കൺഫ്യൂഷൻ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുണ്ട്. എല്ലാവർഷവും നെല്ല് സംഭരണത്തിന് തുക നൽകേണ്ടത് ആവശ്യമാണ്, ഇതൊരു പുതിയ കാര്യമല്ല, പ്രതീക്ഷിക്കുന്ന കാര്യമല്ലേ; അതുകൊണ്ട് നേരത്തെകൂട്ടി ഇതിന്റെ തുക തയ്യാറാക്കി വച്ച് സപ്ലൈകോയ്ക്ക് നൽകിയാൽ നെല്ല് സംഭരിക്കുന്ന മുറയ്ക്കുതന്നെ അവർക്ക് സമയബന്ധിതമായി അതിന്റെ വില നൽകാൻ സാധിക്കും. അത്തരത്തിലുള്ള ക്രമീകരണം ചെയ്തിട്ടുണ്ടോ; 2200 കിലോഗ്രാം നെല്ല് മാത്രമാണ് സപ്ലൈകോ നെല്ല് സംഭരണത്തിന് ഒരു ഏക്കറിൽനിന്ന് സ്വീകരിക്കുന്നത്. അത് ശരാശരി പ്രൊഡക്ടിവിറ്റിയുമായി ബന്ധപ്പെട്ടതാണ്. പല സ്ഥലങ്ങളിലും 2300, 2400, 2500 കിലോഗ്രാം വരെ പ്രൊഡക്ടിവിറ്റി ഉണ്ടാകുന്നുണ്ട്. സ്വകാര്യ മില്ലുകൾക്ക് ചുരുങ്ങിയ വിലയ്ക്ക് അധിക നെല്ല് വിറ്റഴിക്കേണ്ടിവരുന്ന ഗതികേടാണ് പ്രത്യേകിച്ചും പാലക്കാട് ജില്ലയിലെ കർഷകർ അനുഭവിക്കുന്നത്. ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്ന

തരത്തിൽ, അവരുടെ യഥാർഥ നെല്ലുല്പാദനത്തിന്റെ പരമാവധി സപ്ലൈകോ വഴി സംഭരിക്കാൻ വേണ്ടിയുള്ള ഇടപെടലുണ്ടാകുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇത്തവണ വളരെ നേരത്തെത്തന്നെ കർഷക രജിസ്ട്രേഷൻ ആരംഭിച്ചിരുന്നു. സാധാരണയായി കൊയ്ത്ത് തുടങ്ങുന്ന സന്ദർഭങ്ങളിലാണ് രജിസ്ട്രേഷൻ നടപടിയിലേക്ക് പോകുന്നത്. വളരെ മുൻകൂട്ടിത്തന്നെ സപ്ലൈകോയുമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള കർഷകരെ ഇൻവൈറ്റ് ചെയ്യുകയും അതിനനുസരിച്ച് കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കാനും സാധിച്ചിട്ടുണ്ട്. ഈ സീസണിലെ നെല്ല് സംഭരണം കഴിഞ്ഞ വെള്ളിയാഴ്ച പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. രണ്ട് മില്ലുകളാണ് നിലവിലുള്ളത്. പതിനെട്ട് മില്ലുകൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആ മില്ലുകളുമായി ഇന്നും നാളെയുമായി എഗ്രിമെന്റ് വച്ച് ബാക്കിയുള്ള സംഭരണം ഈ ആഴ്ച ഫുൾസ്വിങിലേക്ക് എത്തിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചത് കർഷകരുടെ തുക വളരെ വേഗത്തിൽ നൽകാൻ കഴിയുമോയെന്നത് സംബന്ധിച്ചാണ്. അത് നിലവിൽ പി.ആർ.എസ്. വായ്പയായിട്ടാണ് നൽകുന്നതെന്ന കാര്യം

നമുക്കറിയാം. ഏതാനും വർഷങ്ങളായി അങ്ങനെയാണ് നൽകുന്നത്. അങ്ങനെ നൽകുമ്പോൾ ഉണ്ടാകുന്ന നിരവധി പ്രായോഗിക പ്രതിസന്ധികൾ തീർച്ചയായും നിലവിലുണ്ട്. അത് മാറ്റി റീസ്ട്രക്ച്ചർ ചെയ്യുകയെന്നത് ഒരു ലക്ഷ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ വിഷയത്തിൽ യോഗം വിളിച്ചുചേർത്തിരുന്നു. കർഷകർക്ക് വായ്പ ഇല്ലാതെതന്നെ നെല്ലിന്റെ വില നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള ആലോചനകൾ നടക്കുകയാണ്. നബാർഡുമായി ധനസഹായത്തിനുള്ള ആദ്യഘട്ട ചർച്ച പൂർത്തീകരിച്ചു. ആയതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. നിലവിൽ പി.ആർ.എസ്. വായ്പായിനത്തിൽത്തന്നെ നൽകാനാണ് നിശ്ചയിച്ചിരിക്കുന്നത്. പക്ഷെ ഭാവിയിൽ ടി തുക കർഷകർക്ക് നേരിട്ട് നൽകുന്നതിനുള്ള ആലോചനയാണ് സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നത്. സപ്ലൈകോ വഴി അധിക നെല്ല് സംഭരിക്കുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. ടി. പി. അഷ്റഫലി: സർ, ഈ ഉത്സവകാലത്ത് പ്രത്യേകിച്ച് ഓണക്കാലത്ത് പട്ടിണി സമരങ്ങളില്ലാത്തൊരു ഓണം കേരളത്തിന്

സമ്മാനിച്ച ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനെ അഭിനന്ദിക്കുകയാണ്. നിലവിൽ എ.പി.എൽ. കാർഡിനർഹരായവർക്ക് മാരകമായ അസുഖങ്ങൾ ബാധിച്ചാൽ യാതൊരു മാനദണ്ഡവും പരിശോധിക്കാതെ ബി.പി.എൽ. കാർഡാക്കി നൽകുന്ന സാഹചര്യം നിലവിലുണ്ട്. അതൊടൊപ്പംതന്നെ, കുടുംബനാഥൻ മരണപ്പെട്ട കുടുംബത്തിന് റേഷനും മറ്റും ആവശ്യമുള്ള കുടുംബമാണെങ്കിൽ അവരുടെ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി നൽകുന്നതിനുവേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പ്രയോരിറ്റി കാർഡുകൾ/മുൻഗണനാ കാർഡുകൾ നൽകുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുണ്ട്. അതനുസരിച്ച് മാത്രമെ അവ നൽകാൻ സാധിക്കുകയുള്ളൂ. മാരകമായ രോഗങ്ങൾ പിടിപ്പെട്ടവരെയും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പ്രത്യേകമായ പ്രതിസന്ധി നിറഞ്ഞ ജീവിത സാഹചര്യങ്ങളിലേക്ക് മാറി പോകുന്നവരെയും പരിഗണിക്കണമെന്ന നിർദേശം സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതിന് പരിമിതികളുണ്ട്. എങ്കിലും

ഇക്കാര്യത്തിൽ അനുഭാവപൂർവമായ സമീപനം സ്വീകരിക്കുന്നതായിരിക്കും. പ്രയോരിറ്റി കാർഡിലുൾപ്പെടുത്തുകയും പിന്നീട് അവരുടെ വരുമാനം വർധിക്കുകയും ചെയ്തതിനുശേഷം അനർഹരായിട്ടുള്ളവർ സറണ്ടർ ചെയ്യാതെ പോകുന്ന നിരവധി പ്രശ്നങ്ങൾ നിലവിൽ ഉണ്ടായിട്ടുണ്ട്. അത്തരക്കാർക്ക് സ്വമേധയാ സറണ്ടർ കാർഡ് ചെയ്യുന്നതിനായി രണ്ട് മാസക്കാലയളവുകൂടി നൽകിയിട്ടുണ്ട്.

**സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി**

2(*2) <u>ശ്രീ. കെ. കെ. വത്സരാജ്</u>:
<u>ശ്രീ. ജി. ആർ. അനിൽ</u>:
<u>ശ്രീ. പി. പ്രസാദ്</u>:
<u>ശ്രീമതി ഗീതാഗോപി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർധനരായ സ്ത്രീകൾക്ക് ആശ്വാസമായി കഴിഞ്ഞ സർക്കാർ സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

*12-10-2026*

*Question Hour*

(ബി) സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പത്ത് ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു പെൻഷൻ തുക കഴിഞ്ഞ സർക്കാർ വിതരണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയിനത്തിൽ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക വർധിപ്പിക്കുന്നതിനും മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ,

(എ) 01-11-2025-ലെ ജി. ഒ. (പി) നമ്പർ. 138/2025/ധന. പ്രകാരം "മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*12-10-2026*
*Question Hour*

(ബി) സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2026 ഫെബ്രുവരി മാസം പത്ത് ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് (1018042 പേർക്ക്) ആദ്യ ഗഡു പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(സി&ഡി) പദ്ധതി സർക്കാർ സമഗ്രമായി പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. കെ. വത്സരാജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെത്തന്നെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പത്ത് ലക്ഷത്തിലധികം ആളുകൾക്ക്, മുപ്പത്തിയഞ്ചിനും അറുപത് വയസ്സിനുമിടയിലുള്ള വീട്ടമ്മമാർക്കാണ് സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. ടി പദ്ധതിയുടെ ഭാഗമായി രണ്ടായിരം കോടി രൂപ അന്നത്തെ ബജറ്റിൽ വകയിരുത്തുന്ന സാഹചര്യമുണ്ടായി. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടി പദ്ധതി നടപ്പാക്കുന്നില്ല. സ്ത്രീ സമൂഹത്തെ സംരക്ഷിക്കുന്നതിനായി പ്രസ്തുത സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി തുടർന്നുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി തുടരണമോ വേണ്ടയോ എന്നത് പരിശോധിച്ച് കൊണ്ടിരിക്കുകയാണെന്ന് ഉത്തരത്തിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ ടി പദ്ധതി എന്നാണ് കൊണ്ടുവന്നതെന്ന കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ടി പദ്ധതിയുടെ ആദ്യഘട്ട തുക 2026 ഫെബ്രുവരി മാസത്തിലാണ് വിതരണം ചെയ്തത്. തുടർന്ന്, മാർച്ച് മാസത്തിൽ ഇലക്ഷനാണ്. ഇലക്ഷനുതൊട്ടുമുമ്പ് പ്രഖ്യാപിച്ച ഒരു പദ്ധതിയാണിത്. അപ്പോഴാണ് ഇത് നടപ്പിലാക്കിയത്. പത്ത് വർഷം അധികാരത്തിലിരുന്ന ഒരു ഗവൺമെന്റ് മാർച്ച് ആദ്യ ആഴ്ച ഇലക്ഷൻ തീയതി പ്രഖ്യാപിക്കുമെന്ന് മനസ്സിലാക്കി ഫെബ്രുവരി മാസത്തിലാണ് സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. അതുകൊണ്ടുതന്നെ അക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ നടപ്പാക്കുകയുള്ളൂ. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. കെ. കെ. വത്സരാജ്: സർ, വളരെ കൃത്യമായ ഗൈഡ് ലൈൻ അനുസരിച്ചാണ് എൽ.ഡി.എഫ്. സർക്കാർ ടി പദ്ധതി പ്രഖ്യാപിച്ചത്. മറ്റ്

പെൻഷൻ പദ്ധതികളിൽ ഉൾപ്പെടാത്ത വനിതകളെ ഉൾപ്പെടുത്തിയാണ് ടി പദ്ധതി ആരംഭിച്ചിരിക്കുന്നത്. അതിനാലാണ് സ്ക്രീനിങ് നടത്തി 10 ലക്ഷത്തിലധികം സ്ത്രീകൾക്ക് പെൻഷൻ നൽകാനുള്ള നടപടി ആരംഭിച്ചത്. തുടർന്ന്, 5 ലക്ഷത്തിലധികം ആളുകളുടെ അപേക്ഷ പെന്റിങ്ങിലാണ്. കേരളത്തിലെ സ്ത്രീ സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടൊരു സുരക്ഷാ പദ്ധതിയാണിത്. അതിനാൽ ഈ പദ്ധതി കൃത്യമായി മുന്നോട്ട് കൊണ്ടുപോകുകയാണ് നിലവിലുള്ള യു.ഡി.എഫ്. ഗവൺമെന്റ് ചെയ്യേണ്ടത്. അക്കാര്യത്തിൽ വ്യക്തതയുള്ള ഒരു മറുപടി നൽകണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്രസ്തുത പദ്ധതിമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യതയുൾപ്പടെയുള്ള വിവിധ കാര്യങ്ങൾ പരിശോധിച്ചശേഷം അക്കാര്യത്തിലൊരു തീരുമാനമെടുക്കും.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നൽകിയ ഉത്തരത്തിന് വ്യക്തതയില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി ഈ പദ്ധതി സഭയിൽ അവതരിപ്പിച്ചപ്പോൾ

പരിഹസിക്കുന്ന നിലപാടാണ് അന്നത്തെ യു.ഡി.എഫ്. അംഗങ്ങൾ സ്വീകരിച്ചത്. ക്ഷേമ പദ്ധതികൾ തുടർച്ചയാണെന്നാണ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഈ പദ്ധതി കേരളത്തിലെ വളരെ പാവപ്പെട്ട 16 ലക്ഷത്തോളം സ്ത്രീകൾക്ക് ഏറ്റവും ഗുണകരമാകുന്ന പദ്ധതിയാണ്.

മി. സ്പീക്കർ: വേഗം ചോദ്യത്തിലേക്ക് വരൂ.

ശ്രീ. ജി. ആർ. അനിൽ: സർ, 1000 രൂപ വീതം രണ്ടുമാസം വാങ്ങിയ സ്ത്രീകൾ യു.ഡി.എഫ്. ആണോ എൽ.ഡി.എഫ്. ആണോ എന്ന രാഷ്ട്രീയം നോക്കേണ്ട കാര്യമില്ല. വളരെ പാവപ്പെട്ട ആളുകൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഒരു സഹായ പദ്ധതി കഴിഞ്ഞ 6 മാസങ്ങളായി ഗവൺമെന്റ് പരിശോധിച്ചു വരികയാണെന്ന് പറയുന്നത് സാധാരണ ജനങ്ങൾക്ക് ബോധ്യപ്പെടുന്ന കാര്യമല്ല. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ, ഏത് ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണെങ്കിലും പ്രസ്തുത പദ്ധതിയെ കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യങ്ങളെക്കുറിച്ച് അല്ലാതെ അവ ഒഴിവാക്കുന്ന നിലപാട് സ്വീകരിച്ചതായി

കാണാൻ കഴിയില്ല. അതിനാൽ ഈ പദ്ധതി കൂടുതൽ മെച്ചപ്പെടുത്താനുള്ള എന്തൊക്കെ ആശയങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, 6 മാസമായി ഞങ്ങൾ ഈ പദ്ധതിയെക്കുറിച്ച് പരിശോധിക്കുവെന്ന് പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട അംഗത്തിന് അക്കാര്യത്തിൽ തെറ്റുപറ്റി, കാരണം ഞങ്ങൾ അധികാരത്തിൽ വന്നിട്ട് 6 മാസമായിട്ടില്ല. ഈ ഗവൺമെന്റ് ഒരു ക്ഷേമപരിപാടികളും നിർത്തി വച്ചിട്ടില്ല. അങ്ങടക്കം അംഗമായിരുന്ന മന്ത്രിസഭയുടെ ഭരണകാലത്ത് നൽകാതിരുന്ന കുടിശ്ശിക ഉൾപ്പടെയാണ് കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്തത്. എന്നാൽ തിരഞ്ഞെടുപ്പിന് തൊട്ടുമുൻപ് പ്രഖ്യാപിച്ച പദ്ധതിയെന്ന നിലയിലും പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതിയെക്കുറിച്ചും വ്യാപകമായ ആക്ഷേപം തിരഞ്ഞെടുപ്പ് കാലത്തുതന്നെ ഉണ്ടായിട്ടുള്ളതിനാലും അവ കൂടി പരിശോധിച്ച് യഥാർഥ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് കണ്ടെത്തിയശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. മറ്റ് പദ്ധതികളെല്ലാം തുടരുകയാണ്.

വലിയ ധനപ്രതിസന്ധിയിലൂടെ സർക്കാർ കടന്നുപോകുമ്പോഴും എല്ലാ പദ്ധതികളിലും എൽ.ഡി.എഫ്. സർക്കാർ നൽകാനുണ്ടായിരുന്ന arrears ഉൾപ്പെടെ പരമാവധി തുക നൽകുകയാണ്. മറ്റ് പദ്ധതികളുടെ arrears നിലനിൽക്കുമ്പോഴാണ് തിരഞ്ഞെടുപ്പിന് തൊട്ടുമുൻപായി എൽ.ഡി.എഫ് സർക്കാർ ഈ പദ്ധതി പ്രഖ്യാപിച്ചത്. ഈ പദ്ധതി പ്രഖ്യാപിക്കുന്നതിന് മുൻപ് പ്രസ്തുത arrears കൊടുത്തുതീർക്കണമായിരുന്നു. അങ്കണവാടിയിൽ നിന്ന് വിരമിച്ച പാവപ്പെട്ടവരായ ആളുകളുടെ പെൻഷൻപോലും നൽകിയിരുന്നില്ല. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് അവർക്കും arrears നൽകിയത്. അതിനാൽ ക്ഷേമപദ്ധതികളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ജനങ്ങളെ ഏറ്റവുമധികം ചേർത്ത് നിർത്തുന്ന സർക്കാരാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഒരോ കാലഘട്ടത്തിലും ഗവൺമെന്റുകളുടെ ഭാഗത്ത് ചെറിയ കുടിശ്ശികകൾ ഉണ്ടായിരുന്ന കാര്യം കേരളത്തിൽ മുൻപുണ്ടായിരുന്ന യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തിന്റെ

കാര്യങ്ങൾ എടുത്തു പരിശോധിച്ചാൽ കൃത്യമായി വ്യക്തമാകും. ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ അപാകതകളുണ്ടെന്ന കാര്യം പരിശോധിച്ചുവരികയാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. വിശ്വസനീയമായ അത്തരം പരാതികളെക്കുറിച്ചും അവയുടെ പരിശോധനയെക്കുറിച്ചും വിശദീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം 5 വർഷം മന്ത്രിയായിരുന്ന വ്യക്തിയാണ്. സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യത്തിന്റെ വിശദാംശങ്ങൾ പുറത്ത് പറയാൻ പാടില്ല. അക്കാര്യത്തിൽ വിവിധ സ്ഥലങ്ങളിൽ നിന്ന് ലഭിച്ച പരാതികൾ ഉൾപ്പെടെ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധനകൾ പൂർത്തിയായി അക്കാര്യത്തിൽ തീരുമാനമെടുക്കുമ്പോൾ പ്രസ്തുത തീരുമാനം തീർച്ചയായും അറിയിക്കും.

ശ്രീമതി ഗീതാഗോപി: സർ, നമ്മുടെ സമൂഹത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്നവരാണ് സ്ത്രീകൾ. നാടിനും കുടുംബത്തിനുമായി തങ്ങളുടെ ജീവിതം ഉഴിഞ്ഞു വയ്ക്കുന്ന ലക്ഷക്കണക്കിന് സഹോദരിമാരുടെ

കഠിനാധ്വാനമാണ് കേരളത്തിന്റെ വികസനം. സാമ്പത്തികമായ പരാശ്രയത്വം പലപ്പോഴും സ്ത്രീകളെ വീടിനുള്ളിൽപ്പോലും നിശബ്ദരാക്കാറുണ്ട്. ആ നിശബ്ദതയ്ക്ക് വിരാമമിടാനും ഈ നാട് നിങ്ങളോടൊപ്പമുണ്ടെന്ന് പറയാനും ഒരു നേരത്തെ മരുന്നിനോ ഭക്ഷണത്തിനോവേണ്ടി മറ്റുള്ളവരെ ആശ്രയിക്കാതെ ഈ നാട് നിങ്ങളോടൊപ്പമുണ്ടെന്ന് പ്രഖ്യാപിച്ച കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സഖാവ് പിണറായി വിജയനെന്ന ഒരു മുഖ്യമന്ത്രി ഇവിടെയുണ്ടായിരുന്നു. സ്ത്രീ സുരക്ഷാ പെൻഷനുൾപ്പെടെയുള്ള സ്ത്രീ സുരക്ഷാ സംവിധാനങ്ങൾ കേരളത്തിൽ നിലവിലുണ്ടായിരുന്നപ്പോൾ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാരിന്റെ ഭാഗമായി ഒരു സ്ത്രീപക്ഷ നവകേരളത്തിനായി എന്തെല്ലാം പദ്ധതികളാണ് മുഖ്യമന്ത്രിയെന്ന നിലയിൽ അങ്ങ് മുന്നോട്ടുവയ്ക്കുന്നത്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ശ്രീമതി ഗീതാഗോപി ഉന്നയിച്ചത്. സംസ്ഥാനത്തെ സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര എന്നതാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന ആദ്യത്തെ

കാബിനറ്റ് യോഗത്തിൽ എടുത്ത തീരുമാനം. ഇതോടുകൂടി കെ.എസ്.ആർ.ടി.സി. തകർന്ന് കുത്തുപാള എടുക്കുമെന്ന് പ്രതിപക്ഷാംഗങ്ങളിൽ പലരും പറഞ്ഞു, കെ.എസ്.ആർ.ടി.സി. ഒരിക്കലും തകരില്ല, അക്കാര്യം ഞാൻ ആവർത്തിച്ചു പറയുന്നു. സ്ത്രീ സൗജന്യ യാത്ര എന്നത് കേരളത്തിലെ സ്ത്രീകൾക്ക് സർക്കാർ പ്രഖ്യാപിച്ച ഒരു ഔദാര്യമല്ല മറിച്ച് കേരളത്തിലെ സ്ത്രീകളോടുള്ള ഈ സർക്കാരിന്റെ ആദരവാണ് പ്രകടിപ്പിച്ചത്.

ആശാ വർക്കർമാർ സെക്രട്ടറിയേറ്റിനുമുന്നിൽ എത്രമാത്രം അപമാനിക്കപ്പെട്ടുവെന്ന് നമുക്കറിയാം. ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, പ്രീ-പ്രൈമറി ടീച്ചർമാർ, പാചകത്തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ ഓണറേറിയവും വേതനവും ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ വർധിപ്പിച്ചു. ഈ ആനുകൂല്യങ്ങളും ക്ഷേമപെൻഷനുകളും കുടിശ്ശിക തീർത്ത് കൃതമായി അതത് മാസം വിതരണം ചെയ്തുവരികയാണ്. അങ്ങ് ചോദിച്ചതുപോലെ, സ്ത്രീകളെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനുവേണ്ടിയുള്ള നിരവധി

പദ്ധതികളുടെ തയ്യാറെടുപ്പാണ് സർക്കാർ നടത്തുന്നത്. അവയൊക്കെ ഈ സർക്കാർ പ്രഖ്യാപിക്കുകയും സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യും.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ സ്ത്രീപക്ഷത്തുനിന്ന് ശ്രദ്ധേയമായ നിരവധി കാര്യങ്ങൾ കഴിഞ്ഞ 4 മാസങ്ങൾക്കിടയിൽ നടപ്പിലാക്കാൻ സാധിച്ച സർക്കാരാണ് യു.ഡി.എഫ്. സർക്കാർ. സ്ത്രീകൾക്ക് പെൻഷൻ നൽകുന്നതിനെക്കാളും പ്രധാനമായ കാര്യം സ്ത്രീകളെ എംപവർ ചെയ്ത് അവരെ കൂടുതൽ തൊഴിൽ സാധ്യതയിലേക്ക് കൊണ്ടുവന്ന് അവരുടെ ജീവിതസൗകര്യം മൂവായിരം രൂപയിലോ അയ്യായിരം രൂപയിലോ തളച്ചിടാതെ അവർക്ക് മുപ്പതിനായിരം രൂപയോ അമ്പതിനായിരം രൂപയോ നൽകുന്ന ഫ്യൂച്ചറിസ്റ്റിക്കായ കാഴ്ചപ്പാടിനെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണിത്. സാധാരണക്കാരായ സ്ത്രീകളാണ് കേരളം മുഴുവനുമുള്ള കുടുംബശ്രീയിലുള്ളത്. അവരെ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്ന ഒരു ഘട്ടത്തിലേക്ക് എത്തിക്കണമെന്നതാണ് ഈ

സർക്കാരിന്റെ ലക്ഷ്യം. അതിനുവേണ്ടിയുള്ള പദ്ധതികളുടെ പണിപ്പുരയിലാണ് ഈ സർക്കാർ. നിരവധി പദ്ധതികൾ അവർക്കായി സമർപ്പിക്കുകയും ആ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ റിവോൾവിങ് ഫണ്ടും അവർക്കാവശ്യമായ ഗൈഡൻസും അവർക്ക് സാങ്കേതിക ഉപദേശം ആവശ്യമാണെങ്കിൽ അവ നൽകാനുള്ള ആളുകളെയും അവർക്ക് മാർക്കറ്റിങ്ങിനും മാനേജ്മെന്റിനുമുള്ള സംവിധാനങ്ങളാണാവശ്യമെങ്കിൽ അതിന് ഉപദേശം നൽകാനുള്ള ആളുകളെയും ലഭ്യമാക്കും.

നമ്മൾ സീനിയർ സിറ്റിസൺസിനായി വകുപ്പ് രൂപീകരിച്ചപ്പോൾ അവർക്ക് വെൽഫെയർ പരിപാടികളല്ല പ്രഖ്യാപിച്ചിരിക്കുന്നത്, അത് കുറച്ചേയുള്ളൂ. ഒരു പ്രധാനപ്പെട്ട കംപോണന്റ് ഉണ്ട്, അത് ഞാൻ പിന്നീട് വിശദീകരിക്കാം. അവരെ ക്രിയേറ്റീവും കൺസ്ട്രക്റ്റീവും ആക്കുകയെന്നത് ഒരു പ്രോജക്ടാണ്. അവരിൽ നല്ല അറിവും പരിചയസമ്പന്നരുമായ ആളുകളുണ്ട്. കേരളത്തിലെ ചെറുപ്പക്കാർക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനായും കുടുംബശ്രീ പോലെയുള്ളവയിലെ സ്ത്രീകൾക്ക് പുതിയ സംരംഭങ്ങൾ തുടങ്ങി

അവർക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമുള്ള ഉപദേശകരായിക്കൂടി ഈ മുതിർന്ന പൗരൻമാരുടെ അനുഭവസമ്പത്ത് പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ ഗൗരവതരമായി ആലോചിക്കുന്നുണ്ട്. സാമ്പത്തിക സ്വയംപര്യാപ്തത കേരളത്തിലെ സ്ത്രീകൾക്ക് ഉണ്ടാക്കിക്കൊടുക്കുകയെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്, അത് നടപ്പാക്കുക തന്നെ ചെയ്യും.

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ ശ്രദ്ധിച്ചൊരുകാര്യം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മഞ്ഞ, പിങ്ക് കാർഡുകളിൽപ്പെടുന്ന 31 ലക്ഷത്തോളം വരുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്ന, 35-നും 60-നും ഇടയിൽ പ്രായമായ സ്ത്രീകൾക്ക് 1000 രൂപ മാസം കൊടുക്കാൻവേണ്ടി ബജറ്റിലൂടെ നീക്കിവച്ച 3720 കോടി രൂപ മരവിപ്പിച്ചുകൊണ്ട് ആദ്യത്തെ കാബിനറ്റിൽത്തന്നെ വർഷം 600 കോടി രൂപ ചെലവഴിക്കാനുള്ളൊരു പദ്ധതി തുടങ്ങിയതിനെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. എത്ര ലക്ഷം പേർക്കാണ് ആ ആനുകൂല്യം ലഭ്യമാകുന്നത്? യഥാർത്ഥത്തിൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകൾ പഞ്ചായത്ത് സെക്രട്ടറിമാരെയുൾപ്പെടെ സംശയത്തിന്റെ

നിഴലിലാക്കുകയാണ്. പന്ത്രണ്ടര ലക്ഷം പേർക്ക് ഈ ആനുകൂല്യം രണ്ട് മാസം ലഭിച്ചപ്പോൾ അതിൽ രണ്ടര ലക്ഷംപേർ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു നിയമസഭാംഗത്തെയും ഒരു ജില്ലാപഞ്ചായത്ത് അംഗത്തെയും തരാത്ത, മഹാഭൂരിപക്ഷവും യു.ഡി.എഫ്.-ന്റെ പഞ്ചായത്ത് ഭരിച്ചുകൊണ്ടിരിക്കുന്ന മലപ്പുറം ജില്ലയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. അവിടത്തെ പഞ്ചായത്ത് സെക്രട്ടറിമാർ ഓൺലൈനിലൂടെ സമർപ്പിച്ചിട്ടുള്ള ലിസ്റ്റ് (രണ്ടര-മൂന്ന് ലക്ഷംപേർ) ഉൾപ്പെടെ കേരളത്തിലെ പന്ത്രണ്ട് ലക്ഷം പേരെ, അങ്ങ് പഞ്ചായത്ത് സെക്രട്ടറിമാരെത്തന്നെ മുൾമുനയിലാക്കി നിർത്തുന്ന ഒരു സമീപനമാണ് പറഞ്ഞത്. 3720 കോടി രൂപയ്ക്ക് പകരം 600 കോടി രൂപ കെ.എസ്.ആർ.ടി.സി.-യിലൂടെ ചെലവഴിക്കുന്ന സർക്കാരിന്റെ തീരുമാനത്തെ അംഗീകരിക്കുന്നു. പ്രിയദർശനിയിൽ മാത്രം പോരാ, അങ്ങ് പ്രഖ്യാപിച്ചതുപോലെ എല്ലാ കെ.എസ്.ആർ.ടി.സി. ബസിലും ആ സൗജന്യം എത്തിക്കണമെന്നുതന്നെയാണ് അഭിപ്രായം. അങ്ങനെ ചെലവഴിക്കുന്ന 600 കോടി രൂപയിൽ എത്രപേർക്കാണ് ആനുകൂല്യം ലഭ്യമാക്കിയതെന്ന് വിശദീകരിക്കാമോ?

*12-10-2026*

*Question Hour*

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവരെല്ലാവരും അർഹതയില്ലാത്തവരാണെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. പക്ഷേ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ ഗുരുതരമായ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. തിരഞ്ഞെടുപ്പിന് തൊട്ട് മുമ്പാണ് ലിസ്റ്റ് തയ്യാറാക്കിയതെന്നുള്ളത് ആലോചിക്കണം. തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നത് ഫെബ്രുവരി അവസാന ആഴ്ചയിലാണോ മാർച്ച് ആദ്യവാരമാണോ എന്നെല്ലാം നമ്മൾ പരസ്പരം ചർച്ച ചെയ്യുന്ന സമയത്ത് പെട്ടെന്ന് തയ്യാറാക്കിയൊരു പദ്ധതിയാണിത്. എന്നിട്ട് പെട്ടെന്ന് സ്ത്രീകളോട് സ്നേഹമാണ്, പത്ത് വർഷമായി അതുവരെ ഇല്ലാത്തൊരു പ്രത്യേക സ്നേഹമാണ്, തിരഞ്ഞെടുപ്പിലേക്ക് പോകുന്ന വഴിക്ക് ഒറ്റ പ്രഖ്യാപനമാണ് നടത്തിയത് എന്നൊക്കെയാണ് പറയുന്നത്. തിരഞ്ഞെടുപ്പിന്റെ സായാഹ്നത്തിൽ നടത്തിയൊരു പദ്ധതിയെന്ന നിലയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ വ്യാപകമായ പരാതിയുണ്ടായിട്ടുണ്ട്. ആ പദ്ധതി ഫലപ്രദമാണോ, അതിങ്ങനെയാണോ നടപ്പാക്കേണ്ടതെന്നെല്ലാം ഗവൺമെന്റ് ഗൗരവതരമായി പരിശോധിച്ചുവരികയാണ്, പരിശോധിച്ചൊരു തീരുമാനമെടുക്കും. അല്ലാതെ തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം

അർഹതയില്ലാത്തവരാണെന്നൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. ഞാനിവിടെ മറുപടിയിലും പറഞ്ഞിട്ടില്ല. പക്ഷേ, പരാതികൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്ത്രീ സുരക്ഷ പെൻഷൻ ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. 2021 ഡിസംബറിൽ കേരളത്തിലെ വീട്ടമ്മമാരായ കുടുംബിനികൾക്ക് ക്ഷേമനിധി പദ്ധതി ഏർപ്പെടുത്തി പെൻഷൻ നൽകണമെന്നത് സംബന്ധിച്ച് ഞാനൊരു പ്രൈവറ്റ് ബില്ല് അവതരിപ്പിച്ചു. ആ പ്രൈവറ്റ് ബില്ലിന് അന്ന് ഗവൺമെന്റിനുവേണ്ടി മറുപടി നൽകിയത് ശ്രീമതി വീണാ ജോർജ് ആയിരുന്നു. അങ്ങനെ സ്ത്രീകൾക്ക് പ്രത്യേകമായ ഒരു പ്രശ്നമില്ല. XXXXXXXXXX.+ ശ്രീമതി കെ. കെ. രമയും ആ ബില്ലിനെ എതിർത്തിരുന്നു, അത് വേറെ കാര്യം. ആ സമയത്ത് അതിനെ എതിർത്ത ഒരു ഗവൺമെന്റ്, തിരഞ്ഞെടുപ്പിന്റെ അവസാന സമയത്ത് പെൻഷൻ കൊടുത്ത്... (..ബഹളം..) ഉള്ളതാണ് പറഞ്ഞത്, റെക്കോർഡ് പരിശോധിച്ചാൽ മതി. തിരഞ്ഞെടുപ്പിനെ മാത്രം ലക്ഷ്യം വച്ചുകൊണ്ട് നൽകിയ ഈ പദ്ധതി ഒരിക്കലും സ്ത്രീകളോടുള്ള സ്നേഹത്തിന്റെ ഭാഗമല്ലെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. നമ്മുടെ

---

\+ ബഹു. സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (KLS/6080/2026-ASST EDITING) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

ഭരണഘടനയിൽ വീക്കർ സെക്ഷന്റെ കൂട്ടത്തിൽപ്പറയുന്ന സ്ത്രീകൾ കയറിച്ചെല്ലാത്ത ചില സർവീസ് മേഖലകളുണ്ട്. ആ മേഖലയിൽ അവർക്ക് പ്രത്യേകമായ പെൻഷൻ ഏർപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, തീർച്ചയായും. സ്ത്രീകളുടെ സുരക്ഷിതത്വത്തിനും സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കും വേണ്ടിയുള്ള ഫലപ്രദമായ പദ്ധതികൾ, ജീവിതകാലത്ത് അവർക്ക് അഭിമാനത്തോടുകൂടി ജീവിക്കാൻ, ആരെയും ആശ്രയിക്കാതെ സ്വന്തം കാര്യങ്ങൾ ചെയ്യാൻ, അവർക്ക് സാമ്പത്തികമായ സ്വാതന്ത്ര്യം ലഭ്യമാക്കുന്നൊരു രീതിയിലേക്ക് അവരെ കൈപിടിച്ചുയർത്താനാണ് ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമെന്ന് ഞാനിവിടെ സൂചിപ്പിച്ചു. തീർച്ചയായും നമുക്ക് കാലതാമസം കൂടാതെ അത് പ്രഖ്യാപിക്കാൻ കഴിയും. അത് ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ചെയ്യാത്ത വിപ്ലവകരമായൊരു പദ്ധതിയായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

<u>ശ്രീമതി ഫാത്തിമ തഹ്‌ലിയ</u>: സർ, സ്ത്രീ സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് എൻറോൾ ചെയ്ത സ്ത്രീകളുടെ വ്യക്തി വിവരങ്ങൾ തിരഞ്ഞെടുപ്പ് പ്രചരണത്തിനായി ദുരുപയോഗം ചെയ്തുവെന്ന് 2026-ൽ ഒരു ആക്ഷേപം ഉയർന്നിരുന്നു. അതുമായി

ബന്ധപ്പെട്ടുള്ള അന്വേഷണങ്ങൾ നടന്നോ? ഇവിടെ പറഞ്ഞപോലെ അവസാന ഘട്ടത്തിൽ ഒരു ആയിരം രൂപ പ്രഖ്യാപിക്കുമ്പോൾ അത് സ്ത്രീകളുടെ യാത്രയ്ക്ക്, മരുന്നിന്, ഭക്ഷണത്തിന് മതിയായൊരു തുകയായി നമുക്ക് കണക്കാക്കാൻ സാധിക്കില്ല. എന്നാൽ ഇങ്ങനെയൊരു ആക്ഷേപം 2026-ൽ ഉണ്ടായതിനെപ്പറ്റി അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ; അങ്ങനെ അന്വേഷണം നടത്താൻ ആഗ്രഹിക്കുന്നുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അന്വേഷണമൊന്നും നിലവിലില്ല. പക്ഷേ, ഈ ആക്ഷേപം ഉയർന്നിരുന്നു. അന്നത്തെ ചീഫ് ഇലക്ടറൽ ഓഫീസർക്കുതന്നെ ഇതുസംബന്ധിച്ച പരാതികൾ നൽകിയിരുന്നു. കാരണം പത്ത് ലക്ഷം പേരുടെ ഡാറ്റാ കളക്ട് ചെയ്തിട്ട്, ആ പത്ത് ലക്ഷം പേർക്ക് പലതരത്തിലുള്ള തിരഞ്ഞെടുപ്പ് പ്രചരണം നടത്താൻ വേണ്ടി ഈ ഡാറ്റ മിസ്‌യൂസ് ചെയ്തുവെന്നുള്ള ഗൗരവതരമായ ആക്ഷേപം അന്ന് തിരഞ്ഞെടുപ്പ് കാലത്ത് വരികയും ഇലക്ടറൽ ഓഫീസർക്ക് പരാതി കൊടുക്കുകയും ചെയ്തിരുന്നു. പക്ഷേ, പിന്നീട് അതുസംബന്ധിച്ച അന്വേഷണമൊന്നും ഈ ഗവൺമെന്റ് നടത്തിയിട്ടില്ല.

*12-10-2026*

*Question Hour*

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, XXXXXXXXXX.+ സ്ത്രീകൾക്ക് അങ്ങനെ കൊടുക്കേണ്ട കാര്യമില്ലെന്ന് മറുപടി പറഞ്ഞുവെന്നാണ് ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞത്. (..ബഹളം..) ഇതൊരു പ്രശ്നമാണ്. നിങ്ങൾ നാളെ മന്ത്രിമാരല്ലാതാകുമ്പോഴും തെറ്റ് പറഞ്ഞാൽ ചോദിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് അക്കാര്യം പരിശോധിക്കണം.

മി. സ്പീക്കർ: XXXXXXX. +

ശമ്പള പരിഷ്കരണ നടപടികൾ

3(*3) പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. കെ. എൻ. ബാലഗോപാൽ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് മാസത്തിനകം റിപ്പോർട്ട് വാങ്ങി നടപടികൾ ആരംഭിക്കുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്ന ശമ്പള പരിഷ്കരണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

---

\+ ബഹു. സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (KLS/6080/2026-ASST EDITING) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

\+ ബഹു. സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (KLS/6080/2026-ASST EDITING) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

(ബി) ഈ സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുമോയെന്നും അഞ്ച് വർഷതത്വം പാലിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) ലാസ്റ്റ് ഗ്രേഡ്, പാർടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് പണമായും മറ്റ് ജീവനക്കാർക്ക് പി.എഫ്. അക്കൗണ്ടിലേക്കും എന്നുവരെ ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്;

(ഡി) നടപ്പ് സാമ്പത്തിക വർഷം ചുരുക്കം ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം ലഭിക്കുകയും ഭൂരിപക്ഷത്തിനും ആയത് നിഷേധിക്കപ്പെടുകയും ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ലീവ് സറണ്ടർ ആനുകൂല്യം 01-06-2026 മുതൽ മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ,

(എ&ബി) 23-02-2026-ലെ സർക്കാർ ഉത്തരവ് (G.O. (Ms.) No. 24/2026/Fin.) പ്രകാരം മുൻ ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയി

അധ്യക്ഷനായി 12-ാം ശമ്പള പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിരുന്നു. തുടർന്ന് 05-03-2026-ലെ സർക്കാർ ഉത്തരവ് (G.O. (Ms.) No. 37/2026/Fin.) പ്രകാരം കമ്മീഷന്റെ Terms of reference പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് കമ്മീഷനോട് സർക്കാർ നിർദ്ദേശിച്ചിരുന്നത്. ശമ്പള പരിഷ്കരണം എന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെയും ലക്ഷക്കണക്കിന് ജീവനക്കാരുടെ ജീവിതത്തെയും ബാധിക്കുന്ന സുപ്രധാനമായൊരു വിഷയമാണ്. ആയതിനാൽ വിവിധ സർവീസ് സംഘടനകളിൽ നിന്നുള്ള നിവേദനങ്ങൾ സ്വീകരിക്കുക, തെളിവെടുപ്പുകൾ നടത്തുക, വിവിധ വകുപ്പുകളിലെ തസ്തികകളും സ്കെയിലുകളും സൂക്ഷ്മമായി പരിശോധിക്കുക തുടങ്ങി വിപുലമായ നടപടിക്രമങ്ങളിലൂടെ മാത്രമേ സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ കമ്മീഷന് സാധിക്കുകയുള്ളൂ. കമ്മീഷന് അനുവദിച്ചിരുന്ന പ്രാരംഭ കാലാവധിയായ മൂന്നു മാസം പൂർത്തിയായ സാഹചര്യത്തിൽ, കമ്മീഷന്റെ പ്രവർത്തനം കൂടുതൽ സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും വിവരശേഖരണം

പൂർത്തിയാക്കുന്നതിനുമായി കമ്മീഷന്റെ കാലാവധി അനുയോജ്യമായ രീതിയിൽ ദീർഘിപ്പിച്ച് നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) 15-03-2026-ലെ സ.ഉ.(പി).നം.56/2026/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31-05-2026 വരെ ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഡി&ഇ) ലീവ് സറണ്ടർ ആനുകൂല്യം നൽകുന്ന കാര്യം സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ശമ്പളപരിഷ്കരണ നടപടികൾ എന്ന് പറയുന്നത് ഒരു സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടൊരു നടപടിയാണ്, പ്രത്യേകിച്ച് മൈക്രോ ഇക്കോണമി (സൂക്ഷ്മ സമ്പദ് വ്യവസ്ഥ), ഓരോരുത്തരുടെയും വാങ്ങൽ ശേഷിയുമായി ബന്ധപ്പെട്ട വിഷയമാണ്. അങ്ങിവിടെ  നൽകിയ വിശദീകരണത്തിൽനിന്നും ഒരു സംശയമുയരുന്നു. അത് വ്യക്തമാകാൻ വേണ്ടിയാണ് ഞാൻ ചോദിക്കുന്നത്. യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ 85-86 പേജുകളിൽ 'സർക്കാർ ജീവനക്കാർ/പെൻഷൻകാർ' എന്ന

തലവാചകത്തിൽ അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടപ്പാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങയുടെ മറുപടിയിൽ അത് വ്യക്തമല്ലെന്നതുകൊണ്ട് ഈ വാഗ്ദാനം നടപ്പാക്കുമോ; അതോ സർക്കാർ പുറകോട്ട് പോകുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങയുടെ ചോദ്യത്തിൽത്തന്നെ മൂന്ന് മാസത്തിനകം റിപ്പോർട്ട് വാങ്ങി നടപടികൾ ആരംഭിക്കുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നുവെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. മുൻ സർക്കാർ, ഈ സർക്കാർ ഉത്തരവ് ഇറക്കിയതെന്നാണ്? തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ്, ഫെബ്രുവരി 23-ാം തീയതി. Terms of Reference കൊടുത്തത് മാർച്ച് 5-ാം തീയതിയാണ്, തിരഞ്ഞെടുപ്പിലേക്ക് പോകുമ്പോഴാണ്. അതിനുശേഷം മൂന്ന് മാസത്തിനകം റിപ്പോർട്ട് വാങ്ങുമെന്ന് പറഞ്ഞിരുന്നു. ഏത് ഗവൺമെന്റാണ് റിപ്പോർട്ട് വാങ്ങുന്നത്; പോകുന്ന വഴിക്ക്, ഭരണം തീരാറാകുന്ന വഴിക്ക്, ഏത് സർക്കാരാണുള്ളത്? അത്രയും നാൾ പേ-കമ്മീഷനെ നിയമിക്കാൻ കഴിഞ്ഞ സർക്കാർ തയ്യാറായില്ല. അല്ലാതെ പേ-കമ്മീഷൻ നിയമിക്കുന്നതുമായി ബന്ധപ്പെട്ട്

ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഡിലെ വന്നിട്ടില്ല. കഴിഞ്ഞ സർക്കാരാണ് മനഃപൂർവമായി ഇക്കാര്യത്തിൽ ഡിലെ വരുത്തിയത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ സർക്കാരിന്റെ അഞ്ച് വർഷ ഭരണകാലയളവിനുള്ളിൽ ശമ്പളപരിഷ്കരണം നടപ്പാക്കുമോ? പൊതുവായ സംശയം നിലനിൽക്കുന്നതിനാൽ അക്കാദമിക്കായ ഒരു ചോദ്യമാണത്. അഞ്ച് വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടത്താതെ നീട്ടിക്കൊണ്ടുപോകുകയാണെങ്കിൽ അത് നമ്മുടെ സമ്പദ് വ്യവസ്ഥയെ ഗുരുതരമായി ബാധിക്കും. Financial fluctuations നിമിഷംതോറും നടക്കുന്നതുകൊണ്ട് വലിയ മാറ്റങ്ങളുണ്ടാകുകയും അത് ഓരോരുത്തരുടെയും വാങ്ങൽശേഷിയെ ബാധിക്കുകയും ചെയ്യും. അതോടൊപ്പംതന്നെ, ശമ്പളപരിഷ്കരണം നീണ്ടുപോകുമ്പോൾ പെൻഷണേഴ്സിന്റെ പെൻഷൻ കുറഞ്ഞുവരാനുള്ള നല്ല സാധ്യതയുണ്ട്. ഒരുതവണ പെൻഷൻ കുറഞ്ഞാൽ ജീവിതകാലംമുഴുവൻ പെൻഷൻ കുറയുകയാണ്. അതുകൊണ്ട് വളരെ സൂക്ഷ്മമായിട്ടാണ് അഞ്ച് വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം എന്ന തത്വം നമ്മൾ നടത്തിവരുന്നത്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ

കൃത്യമായി ഉൾക്കൊണ്ട് അഞ്ച് വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടത്തുമോ ഇല്ലയോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, 1977 മുതലുള്ള എല്ലാ ഗവൺമെന്റുകളും അവരവരുടെ ഭരണകാലത്ത് പേ റിവിഷൻ കമ്മീഷനെ നിയമിച്ച് റിപ്പോർട്ട് വാങ്ങി അതിലെ ശിപാർശകൾ നടപ്പാക്കിയിട്ടുണ്ട്. 1977, 1983, 1987, 1992, 1997, 2005, 2008, 2013, 2019 എന്നീ കാലയളവുകളിൽ ശമ്പളപരിഷ്കരണം നടത്തിയിട്ടുണ്ട്. നിങ്ങളുടെ ആദ്യത്തെ ഗവൺമെന്റ് ശമ്പളപരിഷ്കരണം നടത്തിയിട്ടുണ്ട്. 1977-നുശേഷം ഒരു സർക്കാർ, ആ സർക്കാരിന്റെ ഭരണ കാലാവധിക്കുള്ളിൽ പേ റിവിഷൻ കമ്മീഷൻ റിപ്പോർട്ട് വാങ്ങി അത് നടപ്പാക്കാത്ത ഏക സർക്കാർ കഴിഞ്ഞ സർക്കാരാണ്. കഴിഞ്ഞ സർക്കാർ പേ-റിവിഷൻ കമ്മീഷൻ പ്രഖ്യാപിക്കേണ്ട ഡ്യൂ ഡേറ്റ് 1-7-2024-നായിരുന്നു. രണ്ട് വർഷം വൈകി, അവരുടെ ഭരണകാലാവധി കഴിയാറായ സമയത്ത്, 23-2-2026-നാണ് പ്രഖ്യാപിച്ചത്. ഈ രണ്ട് വർഷം Financial fluctuations-ഉം നടപടികളും മാർക്കറ്റിങ് മാറ്റങ്ങളുമൊന്നുമുണ്ടായിരുന്നില്ലേ; ഒരുകാരണവശാലും പേ

റിവിഷൻ കമ്മീഷനെ നിയമിച്ച്, റിപ്പോർട്ട് വാങ്ങി, അത് നടപ്പാക്കാതിരുന്ന, കഴിഞ്ഞ ഏകദേശം 50 വർഷക്കാലത്തിനിടയിലുള്ള ഏക സർക്കാരായിരുന്നു കഴിഞ്ഞ സർക്കാർ. ഇക്കാര്യത്തിൽ ഞങ്ങളുടെ നിലപാട്, അത് പരിശോധിച്ചുവരികയാണ്, വിവിധ കാര്യങ്ങൾ പരിശോധിച്ച് ഞങ്ങൾ തീരുമാനമെടുക്കും.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇവിടെ ഒരു പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നു. പഴയ ഗവൺമെന്റിന്റെ ഭരണസമയത്ത് എന്തെങ്കിലും നടപ്പാക്കിയില്ലെന്ന് ആരോപണമുണ്ടെങ്കിൽ അത് പുതിയ ഗവൺമെന്റ് നടപ്പാക്കേണ്ടതല്ലേ? ഞങ്ങളെ സംബന്ധിച്ച് യാതൊരു സംശയവുമില്ല, 1-4-2021-നാണ് ശമ്പളപരിഷ്കരണ ഉത്തരവ് വന്നത്. ആ ശമ്പളപരിഷ്കരണത്തിലെ മുഴുവൻ തുകയും കഴിഞ്ഞ ഗവൺമെന്റ് നൽകി. അതിനുശേഷം ആത്മാർഥമായി മൂന്ന് മാസത്തിനകം നടപ്പാക്കാനുള്ള കാര്യങ്ങളെല്ലാം ചെയ്തു. മുഴുവൻ ഡി.എ.-യും നൽകിക്കഴിഞ്ഞു. ശമ്പളപരിഷ്കരണം വരുമ്പോൾ ഫിറ്റ്മെന്റിന്റെ ഭാഗം മാത്രമേ ഇനി നൽകാനുള്ളൂ. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ

വന്നതിനാൽ ഞങ്ങൾക്ക് ആ സമയത്ത് ശമ്പളകമ്മീഷൻ ഉത്തരവ് ഇറക്കാൻ കഴിഞ്ഞില്ല. അതിനിടയ്ക്ക് പുതിയ ഗവൺമെന്റ് അധികാരത്തിൽ വരികയും ചെയ്തു. നിങ്ങളുടെ മാനിഫെസ്റ്റോയിലും അഞ്ച് വർഷത്തെ കാലാവധിക്കുള്ളിൽ ശമ്പളപരിഷ്കരണം നടത്തണമെന്ന് പറയുണ്ട്. അതിൽ താമസം വരുത്തുന്നതെന്തിനാണ്; ശമ്പളപരിഷ്കരണം വൈകിപ്പിക്കാതെ അത് നടത്തുമോയെന്നാണ് അറിയേണ്ടത്. നിങ്ങൾ അധികാരത്തിൽ വന്ന് മൂന്ന് മാസത്തിലധികമായി. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സി. രവീന്ദ്രനാഥ് നേരത്തെ ഒരു ചോദ്യം ചോദിച്ചിരുന്നു. ലീവ് സറണ്ടർ സംബന്ധിച്ച് (ഡി)-യിലും (ഇ)-യിലും ചോദ്യങ്ങളുണ്ട്. ഞങ്ങളുടെ കാലഘട്ടത്തിലെല്ലാം ലീവ് സറണ്ടർ നൽകിയിട്ടുണ്ട്. 31-5-2026 വരെയുള്ള ലീവ് സറണ്ടറിന്റെ ഓർഡർ ഇറക്കിയിട്ടുണ്ട്. അത് സാധാരണ നൽകുന്നതാണ്. അതിന് ശമ്പളപരിഷ്കരണ കമ്മീഷനുമായി യാതൊരു ബന്ധവുമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ലീവ് സറണ്ടർ നിർത്തിവച്ച ഓർഡർ എന്റെ കൈവശമുണ്ട്. ഗവൺമെന്റ് തുടർച്ചയാണ്. ആദ്യത്തെയും രണ്ടാമത്തെയും ഉത്തരവുകൾ ഇറക്കിയത് ഫിനാൻസ്

സെക്രട്ടറിയാണ്. ഇതിൽ മറ്റ് തടസ്സങ്ങളൊന്നുമില്ല, ഇവിടെ കമ്മീഷന്റെ പ്രശ്നവുമില്ല. ആ ഉത്തരവ് പിൻവലിച്ച് ലീവ് സറണ്ടർ നൽകാൻ തീരുമാനിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. ലീവ് സറണ്ടർ നൽകാതെ അത് മാറ്റിവച്ചുവെന്ന് എത്ര തവണ ഉത്തരവിറക്കിയ ധനകാര്യവകുപ്പുമന്ത്രിയാണ് അങ്ങ്; 2021 മുതൽ ലീവ് സറണ്ടർ മാറ്റിവച്ച നിരവധി ഉത്തരവുകളുണ്ട്. സംസ്ഥാനത്തിന്റെ സമീപകാല സാമ്പത്തിക ചരിത്രത്തിൽ ലീവ് സറണ്ടർ നൽകാതെ, ഏറ്റവും കൂടുതൽ തവണ മാറ്റിവച്ച ഗവൺമെന്റും ഏറ്റവും കൂടുതൽ തവണ ഉത്തരവ് ഇറക്കിയ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ആളാണ് ഈ ചോദ്യം ചോദിക്കുന്നത്. ഡി.എ. കൃത്യമായി നൽകിയെന്നാണ് പറഞ്ഞത്. പുതിയ സർക്കാരിലേക്ക് കൈമാറിയ ഡി.എ. കുടിശ്ശിക എത്രയാണെന്നറിയാമോ; എല്ലാം കൊടുത്തുവെന്നാണ് പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റ് കൊടുക്കേണ്ട കുടിശ്ശിക 21,670 കോടി രൂപയാണ്. പെൻഷൻകാർക്ക് നൽകാനുള്ള ഡി.ആർ. 14,387 കോടി

രൂപയാണ്. ആകെ 36,057 കോടി രൂപയാണ് നൽകേണ്ടത്. നിങ്ങൾ അങ്ങ് കൊടുത്തോയെന്ന് പറഞ്ഞ് ഞങ്ങളുടെ കയ്യിലേയ്ക്ക് തന്നിട്ടോണോ പോയത്? ലീവ് സറണ്ടർ എവിടെ; ആ ഉത്തരവ് മാറ്റുമോയെന്നൊക്കെ അങ്ങ് ചോദിക്കുമ്പോൾ അതേക്കുറിച്ചൊക്കെ ഞാനെന്താണ് പറയേണ്ടത്? എന്തിനാണ് എന്നെക്കൊണ്ട് ഇത്തരം കാര്യങ്ങൾ പറയിപ്പിക്കുന്നത്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ലീവ് സറണ്ടർ ഉത്തരവിറക്കി, ഞങ്ങൾ പെന്റിംഗ് വരുത്തിയിട്ടില്ല. (മൈക്ക് ഓഫ്)

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുമെന്ന് കൊട്ടിഘോഷിച്ച് അധികാരത്തിലെത്തിയ സർക്കാർ ഇപ്പോൾ അഞ്ച് വർഷ ശമ്പളപരിഷ്കരണ തത്വം അട്ടിമറിക്കുകയും സറണ്ടർ ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്തിരിക്കുകയാണ്. അത് നിഷേധിച്ചതുകാരണം മുന്നൂറിൽ കൂടുതൽ വരുന്ന ആർജിതാവധി നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

*12-10-2026*

*Question Hour*

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ സർക്കാരല്ല, കഴിഞ്ഞ സർക്കാരാണ് ഡിലേ വരുത്തിയത്. ഞാൻ അതെല്ലാം വളരെ വ്യക്തമായി പറഞ്ഞതാണല്ലോ? 2024-ൽ പ്രഖ്യാപിക്കേണ്ട പേ റിവിഷൻ കമ്മീഷൻ പ്രഖ്യാപിച്ചത് 2026-ലാണ്. രണ്ട് കൊല്ലം ശമ്പളപരിഷ്കരണ കമ്മീഷൻ വൈകിപ്പിച്ച ആളുകളാണ് നിങ്ങൾ. അവരാണ് ചോദ്യം ചോദിക്കുന്നത്. ഞാൻ കഴിഞ്ഞ അൻപത് വർഷക്കാലത്തെ കേരളത്തിന്റെ ഭരണ ചരിത്രം പറഞ്ഞു. ഇതിൽ ആദ്യമായി കമ്മീഷനെ നിയമിക്കാതെ വൈകിപ്പിച്ച്, അത് നൽകാതെ പോയ ഏക സർക്കാർ കഴിഞ്ഞ സർക്കാരാണ്. 1977 മുതലുള്ള മുഴുവൻ ഡീറ്റെയിൽസും എന്റെ കൈവശമുണ്ട്. ഞാനത് ഇവിടെ വായിക്കുന്നില്ല. ഇ. കെ. നായനാർ, കെ. കരുണാകരൻ, ഉമ്മൻചാണ്ടി, വി. എസ്. അച്യുതാനന്ദൻ തുടങ്ങിയ എല്ലാ ഗവൺമെന്റുകളും ശമ്പളപരിഷ്കരണം നടത്തിയിട്ടുണ്ട്. ഇത് ചെയ്യാത്ത ഏക സർക്കാർ ബഹുമാനപ്പെട്ട കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാത്രമാണ്. കേരളത്തിന്റെ അൻപത് വർഷ ഭരണചരിത്രത്തിൽ പേ റിവിഷൻ

കമ്മീഷൻ റിപ്പോർട്ട് വാങ്ങി നടപ്പാക്കാത്ത ഏക സർക്കാർ ഞങ്ങളല്ല, നിങ്ങളാണ്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, 1-3-2002 മുതൽ ലഭിക്കേണ്ട ശമ്പളപരിഷ്കരണം യു.ഡി.എഫ്. സർക്കാർ അട്ടിമറിക്കുകയും ശമ്പളപരിഷ്കരണം 2004-ലേക്ക് നീട്ടിക്കൊണ്ടുപോകുകയും ചെയ്തൊരു സാഹചര്യം നേരത്തെയുണ്ടായിട്ടുണ്ട്. ശമ്പളപരിഷ്കരണം വൈകുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. മാത്രമല്ല, ഇനിയും കുറെ ബാധ്യതകൾ തീർക്കാനുമുണ്ട്. 36,057 കോടി രൂപയുടെ ഡി.എ., ഡി.ആർ. കുടിശ്ശികകൾകൂടി ഗവൺമെന്റിന്റെ മുന്നിലുണ്ട്. അതിന്റെകൂടെ പുതിയ പേ റിവിഷൻ കമ്മീഷൻ റിപ്പോർട്ട് വരുമ്പോൾ സംസ്ഥാന സർക്കാരിന്റെ ബാധ്യതകൾ വർധിച്ചുവരികയാണ്. ധവളപത്രം പുറപ്പെടുവിച്ചപ്പോൾ സംസ്ഥാന സർക്കാരിന്റെ ബാധ്യതകളെക്കുറിച്ചൊക്കെ

വ്യക്തമായി സൂചിപ്പിച്ചിരുന്നതാണ്. ആ ബാധ്യതകൾ നിലനിൽക്കുമ്പോൾ തന്നെയാണ് അടുത്തതും നൽകേണ്ടിവരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്തിനുള്ളിൽ പേ റിവിഷൻ ഡ്യൂ ആകുമ്പോൾ അത് നൽകണമെന്നുള്ള നിലപാട് ഉണ്ടായിരുന്നില്ലല്ലോ; ഞങ്ങൾ അധികാരത്തിൽ വന്നിട്ട് നാല് മാസം കഴിഞ്ഞതേയുള്ളൂ. ഇതിനിടയിൽ ധാരാളം പദ്ധതികൾ പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾ ശമ്പള പരിഷ്കരണം നൽകില്ലെന്ന് പറഞ്ഞിട്ടില്ല. ധനസ്ഥിതി കൂടി പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കും.

**ഒരു തദ്ദേശസ്ഥാപനത്തിന് ഒരു വെബ്സൈറ്റ് പദ്ധതി**

4(*4) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. മനോജ് മൂത്തേടൻ:
ശ്രീ. ജ്യോതികുമാർ ചാമക്കാല:
ശ്രീ. സുമേഷ് അച്ചുതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ സുതാര്യവും കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലേക്കും മാറ്റുന്നതിന്റെ ഭാഗമായി ഒരു

തദ്ദേശസ്ഥാപനത്തിന് ഒരു വെബ്സൈറ്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) വർധിച്ച ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ അഭിപ്രായങ്ങളും പരാതികളും രേഖപ്പെടുത്താൻ കഴിയുന്ന രീതിയിൽ ക്യൂ.ആർ. അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് മറ്റ് എന്തൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ,

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവും കാര്യക്ഷമവുമാക്കുന്നതിനും പൊതുജനങ്ങൾക്ക് വിവരങ്ങളും സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുമായി 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു വെബ്സൈറ്റ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകൾക്കും 152

12-10-2026

Question Hour

ബ്ലോക്ക് പഞ്ചായത്തുകൾക്കും 14 ജില്ലാ പഞ്ചായത്തുകൾക്കും 87 മുനിസിപ്പാലിറ്റികൾക്കും 6 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. സ്ഥാപന പ്രൊഫൈൽ, ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ, ബജറ്റ്, വികസന പദ്ധതികൾ, തീരുമാനങ്ങൾ, അറിയിപ്പുകൾ, ടെൻഡറുകൾ, റിപ്പോർട്ടുകൾ, പൗരസേവന വിവരങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഈ വെബ്സൈറ്റുകളിൽ ഒരുക്കിയിട്ടുണ്ട്. K-SMART ഉൾപ്പെടെയുള്ള ഡിജിറ്റൽ സേവനങ്ങളിലേക്കുള്ള പ്രവേശനവും വെബ്സൈറ്റുകൾ മുഖേന സൗകര്യപ്രദമാക്കിയിട്ടുണ്ട്. ഇതിലൂടെ സർട്ടിഫിക്കറ്റുകൾ, വസ്തുനികുതി, കെട്ടിട നിർമ്മാണ അനുമതികൾ, ലൈസൻസുകൾ, ഓൺലൈൻ അപേക്ഷകൾ, പരാതി പരിഹാരം തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുത്താനാകും. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ പട്ടിക ഓൺലൈനായി ലഭ്യമാണ്.

വെബ്സൈറ്റ് വികസനം, ഉള്ളടക്ക ക്രമീകരണം, വിവരങ്ങൾ ഉൾപ്പെടുത്തൽ, നിലവിലുള്ള വിവരങ്ങളുടെ ഏകീകരണം എന്നിവയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിലെത്തുന്ന പൊതുജനങ്ങളിൽനിന്ന് സേവനങ്ങളുടെ ഗുണനിലവാരവും ഓഫീസിലെ സൗകര്യങ്ങളും സംബന്ധിച്ച അഭിപ്രായങ്ങളും പ്രതികരണങ്ങളും ശേഖരിക്കുന്നതിനായി QR Code അടിസ്ഥാനത്തിലുള്ള സിറ്റിസൺ ഫീഡ്ബാക്ക് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഓഫീസുകളിൽ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ കാണാനും ഉപയോഗിക്കാനും കഴിയുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള QR Code സ്കാൻ ചെയ്ത് മൊബൈൽ ഫോൺ മുഖേന നേരിട്ട് പ്രതികരണം രേഖപ്പെടുത്താവുന്നതാണ്. ലഭിക്കുന്ന പ്രതികരണങ്ങൾ സേവനങ്ങളുടെ നിലവാരം വിലയിരുത്താനും പോരായ്മകൾ കണ്ടെത്തി പരിഹരിക്കാനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും

സഹായകരമാണ്. ഇതിലൂടെ പൊതുജനപങ്കാളിത്തം വർധിപ്പിക്കുന്നതിനും സേവനവിതരണം കൂടുതൽ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും അപേക്ഷകളുടെ സമർപ്പണം, പരിശോധന, അംഗീകാരം, സേവന വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനുമായി K-SMART സംവിധാനം നടപ്പാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷയുടെ നിലവിലെ സ്ഥിതിയും അപേക്ഷ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ലോഗിൻ സംബന്ധമായ വിവരങ്ങളും അറിയാനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ആസൂത്രണം, പദ്ധതി രൂപീകരണം, നിർവഹണം, പുരോഗതി നിരീക്ഷണം എന്നിവയ്ക്കായി സുലേഖ സംവിധാനവും സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതികളുടെ അപേക്ഷ, പരിശോധന, അംഗീകാരം, വിതരണം എന്നിവ കൈകാര്യം ചെയ്യുന്നതിനായി സേവന പെൻഷൻ സംവിധാനവും

നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം, സേവന പെൻഷൻ സംവിധാനത്തെ കെ-സ്മാർട്ടുമായി സംയോജിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നിർവഹണ പുരോഗതി കൂടുതൽ ഫലപ്രദമായി നിരീക്ഷിക്കാനും പദ്ധതി സംബന്ധമായ വിവരങ്ങളും റിപ്പോർട്ടുകളും സമയബന്ധിതമായി ലഭ്യമാക്കാനുമായി പ്ലാൻ മോഡ്യൂൾ വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വാർഷിക ബജറ്റ്, വരവുചെലവ് കണക്കുകൾ, പദ്ധതി വിഹിതം, പദ്ധതി നിർവഹണ പുരോഗതി എന്നിവ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുമോ?

<u>ശ്രീ. കെ. എം. ഷാജി</u>: സർ, തീർച്ചയായും. പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നടക്കുന്ന പ്രവർത്തനങ്ങളിൽ പൊതുജനങ്ങളെ അറിയിക്കാൻ കഴിയുന്ന എല്ലാ വിവരങ്ങളും കൃത്യമായി വെബ്സൈറ്റിലൂടെ പബ്ലിഷ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

*12-10-2026*

*Question Hour*

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പുത്തൻകുരിശ് പഞ്ചായത്തിൽ അയ്യങ്കുഴി എന്ന സ്ഥലത്ത് 40 വർഷമായി നടത്തിവരുന്ന ഒരു സമരം, അത് ഈ ഗവൺമെന്റിന്റെ സഹായത്തോടെ അവസാനിച്ചിരിക്കുകയാണ്. കൊച്ചിൻ റിഫൈനറിയിൽനിന്നും വിഷപ്പുകയും പരിസരമലിനീകരണവുംമൂലം ദുരിതത്തിലായി, 40 വർഷക്കാലമായി സമരം നടത്തിക്കൊണ്ടിരുന്ന 45 കുടുംബങ്ങളെ ഒന്നര വർഷക്കാലമായി അവിടെനിന്നും മാറ്റിത്താമസിപ്പിച്ചിരിക്കുകയാണ്. എൽ.എസ്.ജി.ഡി.-യുടെ കീഴിലുള്ള KSWMP (Kerala Solid Waste Management Programme) മുഖേന 3.7649 ഹെക്ടർ സ്ഥലമേറ്റെടുക്കാൻ 16 കോടി രൂപ 18-08-2026-ൽ ഈ സർക്കാർ ചുമതലയേറ്റശേഷം അനുവദിച്ചു. പർച്ചേസ് കമ്മിറ്റി ചെയർമാനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും KSWMP പ്രോജക്ട് ഡയറക്ടറുടെ ഒരു ഓർഡർ കൂടി ലഭ്യമായാൽ മാത്രമേ ആ സ്ഥലമേറ്റെടുക്കാൻ കഴിയൂവെന്നാണ് ജില്ലാ കളക്ടർ പറഞ്ഞിരിക്കുന്നത്. ജില്ലാ കളക്ടറായ ശ്രീമതി പ്രിയങ്ക ജി. (IAS) വളരെ സ്പീഡായി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ആ ഓർഡർ എത്രയുംവേഗം നൽകിയാൽ അവിടെയുള്ള

കുടുംബങ്ങളുടെ വിഷയത്തിൽ പരിഹാരമാകുമെന്നതിനാൽ അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുമോ?

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഏകദേശം 10 ഏക്കർ ഭൂമിയാണ് അയ്യങ്കുഴിയിൽ KSWMP മുഖേന ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളത്. അതിനായി 15.07 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ പൂർണ്ണമായും ആരംഭിക്കുകയും ജില്ലാ കളക്ടർക്ക് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കളക്ടർക്ക് എന്തെങ്കിലും ഓർഡറുകൾ നൽകേണ്ടതുണ്ടെങ്കിൽ വളരെപ്പെട്ടെന്ന് നൽകി പ്രസ്തുത വിഷയം പരിഹരിക്കുന്നതാണ്.

<u>ശ്രീ. മനോജ് മൂത്തേടൻ</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്ന വെബ്സൈറ്റുകൾ നിലവിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ കാര്യക്ഷമമായും കൃത്യമായും മോണിറ്റർ ചെയ്യുന്നില്ലെന്ന പരാതിയുണ്ട്. കെ-സ്മാർട്ടുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് നിരവധി ആക്ഷേപങ്ങളുണ്ട്. ഞാൻ കഴിഞ്ഞ ടേമിൽ

ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. നിരവധിയായിട്ടുള്ള കാര്യങ്ങൾ കെ-സ്മാർട്ടിലൂടെ എളുപ്പത്തിൽ ചെയ്യാൻ ശ്രമിക്കുമ്പോൾ പൊതുജനങ്ങൾക്ക് അനേകം പ്രയാസങ്ങൾ നേരിടുന്നതിനാൽ കെ-സ്മാർട്ടിലുണ്ടായിട്ടുള്ള പോരായ്മകൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. ഷാജി: സർ, ടെക്നോളജിയിൽ വരുന്ന മാറ്റങ്ങൾ എങ്ങനെ അപ്ഡേറ്റ് ചെയ്ത് മുന്നോട്ടുപോകാമെന്നതിനെക്കുറിച്ചാണ് ആദ്യം ചിന്തിച്ചത്. നിലവിൽ ചില പരാതികളൊക്കെയുണ്ടായിരുന്നു. ആ പരാതികളെ മുഴുവൻ പരിഹരിക്കുക മാത്രമല്ല; നിലവിലുണ്ടായിരിക്കുന്ന വെബ്സൈറ്റുകൾക്ക് അതത് പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അതിലിടപെടാൻ കഴിയുന്നതോടൊപ്പം മുകളിൽനിന്നും അതിന്റെ മോണിറ്ററിങ്ങിനുള്ള സൗകര്യവുമൊരുക്കി. രണ്ടുതരത്തിലുമത് കാര്യക്ഷമമായി കൊണ്ടുപോകാമെന്നാണ് വിചാരിക്കുന്നത്. പരാതികൾ വരുന്ന സമയത്ത് അപ്പപ്പോൾത്തന്നെ ആയത് പരിഹരിച്ചുപോകാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

*12-10-2026*

*Question Hour*

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ ചെലവിനെയും അതിന്റെ കരാറുകാരെയും സംബന്ധിച്ച വിവരങ്ങളും അതിനപ്പുറത്തേക്ക് അത് പൂർത്തീകരിക്കുന്ന തീയതിയെയും അതിന്റെ നിർമ്മാണ പുരോഗതിയെയും സംബന്ധിച്ച് സാധാരണക്കാർക്ക് നേരിട്ട് പരിശോധിക്കാനുള്ള സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. എം. ഷാജി</u>: സർ, തീർച്ചയായും അത്തരത്തിൽ ഉദ്ദേശിക്കുന്നുണ്ട്. ഒരു പഞ്ചായത്തിലോ കോർപ്പറേഷനിലോ നടക്കുന്ന വർക്കുകളുടെ മോണിറ്ററിങ്ങുൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും ആളുകൾക്ക് സുതാര്യമാകും വിധം മനസ്സിലാക്കുന്നതിനുകൂടിയാണ് ഈ വെബ്സൈറ്റ് പ്രവർത്തിക്കുക.

(ശ്രീ. സുമേഷ് അച്ചുതൻ ചോദ്യം ഉന്നയിച്ചില്ല.)

<u>ശ്രീ. പി. എം. എ. സമീർ</u>: സർ, എൽ.എസ്.ജി.ഡി. ഡിപ്പാർട്ട്മെന്റിന് ഒരു വെബ്സൈറ്റ് എന്നത് വലിയ ഗുണം ചെയ്യുന്നൊരു സർവീസാണ്. എൽ.എസ്.ജി.ഡി. ഡിപ്പാർട്ട്മെന്റുകളുടെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി,

കോർപ്പറേഷനുകളുടെ ഓഡിറ്റ് നടന്നാൽ, ആ ഓഡിറ്റ് റിപ്പോർട്ട് ഈ വെബ്സൈറ്റ് വഴി പ്രസിദ്ധീകരിക്കാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. കെ. എം. ഷാജി: സർ, എല്ലാ വിവരങ്ങളിലും ചിലതിന് രഹസ്യസ്വഭാവവും മറ്റുള്ളതിന് പബ്ലിക് സ്വഭാവവുമുണ്ടെന്ന് എല്ലാവർക്കുമറിയാം. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പബ്ലിക്കായി പറയേണ്ട എല്ലാ കാര്യങ്ങളും, നേരത്തെ വന്നിരിക്കുന്ന ഓഡിറ്റുകൾ, നിലവിൽ നടക്കുന്നത് അപ്രകാരം കൊടുക്കാൻ കഴിയുന്നവയുണ്ടെങ്കിൽ അവ - ഇതെല്ലാം പരിശോധിച്ചുമാത്രമേ അതിന്റെ ബാക്കിയുള്ള കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കു. നൂറുദിന പദ്ധതിയുടെ ഭാഗമായാണ് വെബ്സൈറ്റും ക്യു.ആർ. കോഡും നടപ്പാക്കിയിരിക്കുന്നത്. ബാക്കിയുള്ള കാര്യങ്ങളിലെ അപാകതകൾ പരിഹരിച്ചുപോകാനുള്ള ദിവസങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. തീർച്ചയായും അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിലുള്ള മരാമത്തുപണികൾ ടാറിന്റെ വിലയിലുണ്ടായ ക്രമാതീതമായ വർധനവുകാരണം തടസ്സപ്പെട്ടിരിക്കുകയാണ്. മിക്കവാറും

എല്ലാ സ്ഥലങ്ങളിലും വർക്ക് നടക്കാതിരിക്കുന്നതിനാൽ പി.ഡബ്ല്യൂ.ഡി.-ക്ക് ഇതിന്റെ വർധനവ് കൊടുക്കാമെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകൂടി ആ ഉത്തരവ് ബാധകമാക്കിക്കൊണ്ട് ടാറിൽ വരുന്ന അധികവില നൽകാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എം. ഷാജി</u>: സർ, പൊതുമരാമത്തുവകുപ്പിലും നിലവിൽ ആ പ്രശ്നമുണ്ട്. ചെറിയൊരു കാലയളവിൽ മാത്രമായിരുന്നു അപ്രകാരം അനുമതി നൽകിയിരുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകിച്ച് സർക്കാരിന്റെ ഫിനാൻസിന് ഒരു ലയബിലിറ്റി വരുന്നതല്ലാത്തതിനാൽ രണ്ട് ഡിമാന്റുകളാണ് സർക്കാർ ഉന്നയിച്ചിട്ടുള്ളത്. ഒന്നുകിൽ വർക്കുകൾ റീ-സൈസ് ചെയ്യുക; അല്ലെങ്കിൽ അതത് ബോഡികൾ അതായത് കോർപ്പറേഷനായാലും പഞ്ചായത്തായാലും പണമടയ്ക്കാൻ തയ്യാറാകുക. അവരുമായുള്ള ഇടപെടലിലൂടെ ഒന്നോരണ്ടോ ദിവസംകൊണ്ട്

ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ വെബ്സൈറ്റിലൂടെ എല്ലാവർക്കും അറിയാൻ സാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പലപ്പോഴും വിവരാവകാശ നിയമപ്രകാരം എഴുതി ചോദിച്ചാൽ ആ ചോദ്യങ്ങൾക്കുള്ള മറുപടിപോലും പല സ്ഥലത്തുനിന്നും നൽകാത്ത സാഹചര്യത്തിൽ അതിനെക്കുറിച്ച് വ്യാപകമായ പരാതികളുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഈ വെബ്സൈറ്റിലൂടെ ആളുകൾക്ക് നിർദ്ദേശങ്ങൾ/പരാതികൾ സമർപ്പിക്കാൻ കഴിയുന്ന രീതിയിലേക്ക് മാത്രമല്ല അത് കുറേക്കൂടി മോഡിഫൈ ചെയ്ത് പുതിയ കാലഘട്ടത്തിനനുസൃതമായി അഭിപ്രായങ്ങൾ പറയാനും അത് പങ്കുവയ്ക്കാനുമൊക്കെയുള്ള സാഹചര്യമുണ്ടാകുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ ഇതുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെ പറഞ്ഞു. അതിന് സെപ്പറേറ്റായിട്ടാണ് Q.R. കോഡ്

സംവിധാനമേർപ്പെടുത്തിയിട്ടുള്ളത്; വെബ്സൈറ്റ് അതിനുവേണ്ടിയുള്ളതല്ല. ക്യു.ആർ. കോഡിൽ അതിനുള്ള സംവിധാനമുണ്ടാകും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)